# ദി ഡിഫെൻഡർ

Vol. No. 11 Issue No. 6 RNI Reg. No. 68089 / 97 Published From Perumbavoor 2008 March 16 Price: Rs.100/- P.A.


# പെന്തക്കോസ്ത് നേതാക്കൻമാർ സജീവ രാഷ്ട്രീയത്തിലേക്ക്

കെ.സി.ജോൺ, ടി.ജെ. സാമുവൽ എന്നിവരുടെ നേതൃത്വത്തിൽ കേരളത്തിലെ പെന്തക്കോസ്ത് നേതാക്കൻമാർ സജീവ രാഷ്ട്രീയത്തിലേക്കിറങ്ങുന്നു. മാർച്ച് 11ന് തിരുവല്ല ശാരോനിൽ ചേർന്ന യോഗത്തിൽ ഇതുമായി ബന്ധപ്പെട്ടുള്ള പദ്ധതികൾക്ക് അന്തിമരൂപം നൽകി.

ഐ.പി.സിയിൽ നിന്ന് കെ.സി.ജോൺ മാത്രമാണ് ഈ യോഗത്തിൽ പങ്കെടുത്തത്. ചർച്ച് ഓഫ് ഗോഡിലെ കെ.സി.ജോൺ, എ.ജിയിലെ ടി.ജെ.ശാമുവൽ, പി.എസ്.ഫിലിപ്പ്, ചുമ്മാഡോ ബാബു ജോർജ് തുടങ്ങിയവരും പങ്കെടുത്തു. ശാരോനിൽ നിന്ന് ആരും പങ്കെടുത്തില്ല. പക്ഷേ ടി.ജി.കോശിയെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുത്തിട്ടുണ്ട്.





പെന്തക്കോസ്തുകാർ ഒരു രാഷ്ട്രീയ ശക്തിയാണെന്ന് യു.ഡി.എഫ് - എൽ.ഡി.എഫ് നേതൃത്വങ്ങളെ അറിയിക്കയും അതിലൂടെ രാഷ്ട്രീയ നേട്ടങ്ങളുണ്ടാക്കുകയുമാണ് ലക്ഷ്യം. പെന്തക്കോസ്തുകാർക്ക് കേരളത്തിൽ പത്തുലക്ഷത്തിലധികം അംഗങ്ങളുണ്ടെന്ന് ബോദ്ധ്യപ്പെടുത്താനായി ഡിസംബർ 22ന് തിരുവനന്തപുരത്ത് ശക്തിപ്രകടനം നടത്താനും തീരുമാനമായി.

പി.സി.ഐയുടെ നേതാക്കൻമാരായ തോമസ് വടക്കേക്കുറ്റ്, കെ.എൻ.റസ്സൽ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കുകയും വടക്കേക്കുറ്റിനെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും പി.സി.ഐ ഔദ്യോഗികമായി ഈ പദ്ധതിയിൽ പങ്കുചേരുന്നുണ്ടോ എന്ന് അറിവായിട്ടില്ല.

പി.സി.ഐയുടെ നേതൃത്വത്തിൽ കഴിഞ്ഞ ഡിസംബറിൽ നടന്ന റാലി വിജയമായിരുന്നു. അതുപോലൊരു റാലി കേരളത്തിൽ നടത്തിയാൽ പെന്തക്കോസ്തുകാരുടെ ശക്തി തെളിയിക്കാൻ കഴിയുമെന്നാണ് കണക്കുകൂട്ടൽ. റ്റി.പി.എം നേതാക്കൻമാർ ഈ പദ്ധതിക്ക് എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും ആയിരം ബസ്സുകൾ നിറയെ ആൾക്കാരെ റ്റി.പി.എം അയയ്ക്കുമെന്നും കെ.സി.ജോൺ പറയുന്നു. മറ്റു പെന്തക്കോസ്ത് സഭകളും ഈ വിധത്തിൽ സഹകരിച്ചാൽ 10 ലക്ഷം ആളുകൾ പങ്കെടുക്കുന്ന റാലി നടത്താൻ ബുദ്ധിമുട്ടുണ്ടാകില്ല എന്നാണ് നേതാക്കൻമാരുടെ പ്രതീക്ഷ.

തിരുവല്ലയിലെ ശാരോൻ ഓഡിറ്റോറിയത്തിൽ ഈ ആലോചനായോഗം നടക്കുന്ന സമയത്ത് കുമ്പനാട് ഹെബ്രോനിൽ ഐ.പി.സി കേരള പ്രസ്ബിറ്ററിയുടെ മീറ്റിംഗ് നടക്കുന്നുണ്ടായിരുന്നു. അവിടെ ഈ വിഷയം ചർച്ചയ്ക്കു വന്നു. കെ.സി.തോമസ് ഒഴികെയുള്ള എല്ലാവരും ഈ നീക്കത്തിനെതിരെ പ്രതികരിച്ചു. പെന്തക്കോസ്ത് പാസ്റ്റർമാർ ആത്മീയ വിഷയങ്ങളിൽ ശ്രദ്ധിക്കണമെന്നും കക്ഷിരാഷ്ട്രീയം കളിക്കാൻ പെന്തക്കോസ്ത് നേതാക്കൻമാർ ഇറങ്ങുന്നത് അങ്ങേയറ്റം തെറ്റാണെന്നുമുള്ള നിലപാടാണ് പ്രസ്ബിറ്ററി അംഗങ്ങൾ സ്വീകരിച്ചത്. അതുകൊണ്ട് ഈ പ്രശ്നം ഐ.പി.സിയിൽ കലക്കത്തിന് കാരണമാകുമെന്ന് ഉറപ്പായിക്കഴിഞ്ഞു.

മറ്റു പെന്തക്കോസ്ത് സഭകളുടെ നിലപാട് അറിവായിട്ടില്ല. ടി.ജി.കോശിയെ വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തത് ടി.ജി.കോശിയുടെ അറിവോടെയാണോ എന്ന് വ്യക്തമല്ല. മോനായിയുടെ അവാർഡ് വാങ്ങാൻപോലും ലജ്ജ തോന്നാത്ത ടി.പി.ഏബ്രഹാമിന് ഈ പരിപാടിയുമായി സഹകരിക്കാൻ മടിയുണ്ടാകില്ല. പക്ഷേ ശാരോൻ ഔദ്യോഗികമായി സഹകരിക്കുമോ എന്ന് പറയാറായിട്ടില്ല.

ചർച്ച് ഓഫ് ഗോഡിലെ കെ.സി.ജോൺ മീറ്റിംഗിൽ പങ്കെടുത്തെങ്കിലും നാലു മാസംകൂടി കഴിയുമ്പോൾ കെ.സി.ജോൺ കസേരയിൽ ഉണ്ടാകില്ല. പുതിയ ഓവർസിയറായി ചാർജെടുക്കുന്ന എം.കുഞ്ഞപ്പി എന്തു തീരുമാനിക്കുമെന്നതിനെ ആശ്രയിച്ചിരിക്കും ചർച്ച് ഓഫ് ഗോഡിന്റെ നിലപാട്.

എ.ജിയുടെ നേതൃത്വം ദൈവത്തെ വിട്ടിട്ട് കാലം കുറെ ആയി. അതുകൊണ്ട് എ.ജിയുടെ പൂർണ്ണ പിൻതുണ ഈ പരിപാടിക്ക് ഉണ്ടാകും എന്നതിന് സംശയമില്ല. ടി.ജെ.ശാമുവൽ, പി.എസ്. ഫിലിപ്പ്, ഡാക്കിട്ടർ ബാബു ജോർജ് എന്നിവർ ഇപ്പോൾത്തന്നെ രംഗത്തുണ്ടല്ലോ. മാത്രമല്ല, ടി.ജെ.ശാമുവലാണ് ഇതിന്റെ ജനറൽ സെക്രട്ടറി. പ്രസ്ബിറ്ററൻമാരും മറ്റു നേതാക്കൻമാരും യോഗത്തിനെത്തുകയും ചെയ്തു.

ചെറുകിട പ്രസ്ഥാനങ്ങളുടെ നിലപാടെന്തായിരിക്കുമെന്ന് വ്യക്തമായിട്ടില്ല. ആദർശങ്ങൾക്കൊന്നും വലിയ വില കല്പിക്കാത്ത ആളായതുകൊണ്ട് ചിങ്ങവനം തമ്പിയും കൂട്ടരും കെ.സി ജോണിന് ഒപ്പം ഉണ്ടാകും. ആര് എന്തു സമ്മേളനം നടത്തിയാലും സഹകരിക്കുന്ന തോമസ് ഫിലിപ്പും (ന്യൂ ഇന്ത്യ) സർവ്വാത്മനാ സഹകരിക്കും. ഒ.എം.രാജുക്കുട്ടി ഇപ്പോൾത്തന്നെ ഒപ്പമുണ്ട്. അതുകൊണ്ട് ദൈവമക്കളെ വഴിതെറ്റിക്കാനായി സാത്താൻ ഒരുക്കിയിരിക്കുന്ന ഈ പദ്ധതി വിജയിക്കാനാണ് സാദ്ധ്യത.

(''രാഷ്ട്രീയക്കളിയുടെ ഉള്ളുകള്ളികൾ'' - വിശദമായ ലേഖനം ഏഴാം പേജിൽ)

# ഇന്റർനെറ്റ് എഡിഷൻ വൻവിജയം

ഡിഫെൻഡറിന്റെ ഇന്റർനെറ്റ് എഡിഷൻ വൻവിജയമായിരിക്കുന്നു. ഓരോ എഡിഷനും പതിനായിരത്തിലധികം ആളുകൾ ഇപ്പോൾ വായിക്കുന്നുണ്ട്. ഡിഫെൻഡർ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുന്ന ആദ്യ ദിവസം തന്നെ മൂവായിരത്തിലധികം ഹിറ്റുകളാണ് ലഭിക്കുന്നത്.

അമേരിക്കയിൽ നിന്നുള്ള വായനക്കാരുടെ എണ്ണം ആറായിരത്തിൽ അധികമാണ്. ഇന്ത്യയിൽ നിന്ന് ആയിരത്തിലധികം ആളുകൾ ഇന്റർനെറ്റ് എഡിഷൻ വായിക്കുന്നു. വിവിധ ഗൾഫ് രാജ്യങ്ങൾ, ഇംഗ്ലണ്ട്, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരാണ് മറ്റു വായനക്കാർ.

ഡിഫെൻഡറിന്റെ 2005 മുതലുള്ള പഴയ ലക്കങ്ങളും ഇന്റർനെറ്റിൽ ലഭ്യമാണ്. ഈ പേജുകളും നൂറുകണക്കിന് വായനക്കാർ സന്ദർശിക്കുന്നു. പഴയ ലക്കങ്ങളെല്ലാം ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുന്നവർ ഏറെയുണ്ട്. മറ്റൊരു പെന്തക്കോസ്ത് പത്രത്തിനും അവകാശപ്പെടാനാവാത്ത പ്രത്യേകതകളാണിവ.

ഗുഡ്ന്യൂസ്, സ്വർഗ്ഗീയ ധ്വനി, ഹാലേലൂയ്യാ എന്നിവയാണ് ഇന്റർനെറ്റ് എഡിഷനുകളുള്ള മറ്റു പത്രങ്ങൾ. ഇവയുടെ ലിങ്കുകളും ഡിഫെൻഡറിന്റെ സൈറ്റിൽ നൽകിയിട്ടുണ്ട്. കൂടാതെ മന്ന എക്പ്രസ്സ്, ഡിസൈപ്പിൾസ് ഗുഡ്ന്യൂസ്, വേൾഡ് വൈഡ് ഗോസ്പൽ എന്നീ സൈറ്റുകളിലേക്കുള്ള ലിങ്കുകളുമുണ്ട്.

റ്റി.എസ്.ബാലന്റെ ഉടമസ്ഥതയിലുള്ള ബൈബിൾ റേഡിയോയിലേക്കും ഡിഫെൻഡറിന്റെ സൈറ്റിൽ നിന്ന് ലിങ്കുണ്ട്. ദൈവവചനം പഠിക്കാനും ആത്മീയവർദ്ധനയ്ക്ക് സഹായകമായ ഗാനങ്ങൾ കേൾക്കാനും ബൈബിൾ റേഡിയോ ആയിരങ്ങളെ സഹായിക്കുന്നു.

# ബഥേലിന് സമനിലതെറ്റുന്നു



ബഥേൽ പി.ജേക്കബ്ബിന് സമനില തെറ്റുകയാണോ? അമേരിക്കയിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ അതാണ് സൂചിപ്പിക്കുന്നത്. ഭ്രാന്തുപിടിച്ചവനേപ്പോലെയാണ് ഇയാൾ ഈയിടെയായി പെരുമാറുന്നത്. നിരവധി വർഷങ്ങളായി ചെയ്തുവന്ന ഹീനകൃത്യങ്ങളെല്ലാം ഡിഫെൻഡറിലൂടെ പൊതുജനം അറിയുന്നതിലുള്ള വിഷമം വാക്കുകളിൽ ഒതുക്കി നിർത്താവുന്നതിലും അധികമാണ്. ബഥേലിന്റെ സമനില തെറ്റാനുള്ള കാരണം ഇതാണ്.

വ്യഭിചാരം പ്രധാന തൊഴിലായി സ്വീകരിച്ച പരമ നീചനാണ് ബഥേൽ പി. ജേക്കബ് എന്ന് ഡിഫെൻഡർ വായിച്ചവർക്കെല്ലാം വ്യക്തമായിക്കഴിഞ്ഞു. ബഥേലിനെ ദൈവത്തേപ്പോലെ കണക്കാക്കുന്നവരാണ് ബഥേലിന്റെ സഭയിലെ അംഗങ്ങൾ. പക്ഷേ ഡിഫെൻഡറിൽ വരുന്ന വാർത്തകൾ സഭയിലും പ്രശ്നത്തിന് കാരണമായിട്ടുണ്ട്. ബഥേലിനെതിരെ വാർത്ത കൊടുത്തതിന് ദൈവം ബാലനോട് കോപിച്ചെന്നും ബാലനെ ജയിലിൽ ആക്കിയെന്നും മറ്റും ബഥേൽ തന്റെ സഭയിലെ വിശ്വാസികളോട് പറഞ്ഞിരുന്നു. പക്ഷേ ബാലൻ ജയിലിലല്ല എന്ന് അറിഞ്ഞതോടെ ജനം ബഥേലിന്റെ വാക്കുകൾ വിശ്വസിക്കാതായി.

ബാലനെ ദൈവം തട്ടിക്കളയാനായി ബഥേൽ ഏഴു ദിവസം ഉപവസിച്ചെങ്കിലും ഫലമുണ്ടായില്ല. അതുകൊണ്ട് 40 ദിവസത്തെ ഉപവാസം പ്രഖ്യാപിച്ചിരിക്കയാണ്. ഈ ഉപവാസം തീരുന്നതോടെ ബാലന്റെ കഥ കഴിയുമെന്നാണ് ബഥേൽ പറയുന്നത്. പക്ഷേ ഈ വിധത്തിലുള്ള ഒട്ടേറെ ഉപവാസങ്ങൾ കഴിഞ്ഞ പത്തുവർഷത്തിനിടയിൽ പലരും നടത്തിയിട്ടും ബാലൻ ഇപ്പോഴും ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്നു. ബാലന്റെ തലയിൽ ആകാശം ഇടിഞ്ഞു വീണിട്ടുമില്ല.

ബാലന് വിവരം കൊടുക്കുന്നവരെന്ന് ബഥേൽ സംശയിക്കുന്നവരെ എല്ലാവിധത്തിലും പീഡിപ്പിക്കാനുള്ള ശ്രമവും നടന്നുവരുന്നു. കള്ളക്കേസ്സുണ്ടാക്കുക, ഗുണ്ടകളെ അയച്ച് ഭീഷണിപ്പെടുത്തുക, കള്ളൻമാരെ അയച്ച് വീട് കൊള്ളയടിപ്പിക്കുക തുടങ്ങി പലതും ചെയ്തുവരുന്നു. (ബഥേലുമായി ബന്ധപ്പെട്ട മറ്റു ചില വിവരങ്ങൾ എട്ടാം പേജിൽ).

# സി.ഡി സൗജന്യ നിരക്കിൽ

വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട സുപ്രധാന ഉപദേശ വിഷയങ്ങളായ വീണ്ടുംജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, തിരുവത്താഴം, പ്രാർത്ഥന, കൂട്ടായ്മ, വിശ്വാസജീവിതം എന്നിവ അടങ്ങുന്നതും 10 മണിക്കൂർ ദൈർഘ്യമുള്ളതുമായ എം.പി.3 സി.ഡി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു. (വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ എന്ന സി.ഡി പരമ്പരയിലെ ആദ്യ സി.ഡിയാണിത്. 100 രൂപ വിലയുള്ള ഈ സി.ഡി ഇപ്പോൾ താഴെ പറയുന്ന നിരക്കിൽ ലഭിക്കുന്നതാണ്. (പോസ്റ്റേജ് സൗജന്യം).

ഒരു സി.ഡി - 50 രൂപ. മൂന്നു കോപ്പികൾക്ക് 100 രൂപ മാത്രം. 250 രൂപക്ക് 10 കോപ്പികൾ ലഭിക്കുന്നു. 1000 രൂപക്ക് 50 കോപ്പികൾ.

രക്ഷിക്കപ്പെടാത്തവർ, ആത്മീയ ശിശുക്കൾ തുടങ്ങിയവർക്ക് വിതരണം ചെയ്യാനാണ് ഈ സി.ഡി ഇപ്രകാരം വിലകുറച്ചു കൊടുക്കുന്നത്. (വീട്ടിൽ ഒരു ബൈബിൾ സ്കൂൾ, പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ എന്നീ പരമ്പരയിലെ മറ്റു സി.ഡികൾക്ക് ഈ സൗജന്യം ലഭ്യമല്ല). സി.ഡി ആവശ്യമുള്ളവർ റ്റി.എസ്.ബാലന്റെ വിലാസത്തിൽ പണം അയക്കുക. നിങ്ങളുടെ വിലാസവും ഫോൺ നമ്പറും എഴുതാൻ പ്രത്യേകം ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 94474 14608

ദി ഡിഫെൻഡർ
Vol. No.11 Issue No. 6 2008 March 16

# നേതാക്കൻമാർക്കെന്തുപറ്റി?

പെന്തക്കോസ്ത് സഭകളുടെ നേതാക്കൻമാർക്ക് എന്തോ ഗുരുതരമായ തകരാർ പറ്റിയിരിക്കുന്നു. എന്താണ് കാരണം? എവിടെയാണ് ഇവർക്കു വീഴ്ച പറ്റിയത്?

നാഥന് മുൾമുടി നൽകിയ ഈ ലോകം തരുന്ന പേരും പ്രശസ്തിയും വേണ്ടെന്നുവച്ച് ഇറങ്ങിയവരാണ് പെന്തക്കോസ്തുകാർ. ആത്മീയ ലക്ഷ്യം മാത്രമാണ് ഇവർക്കുണ്ടായിരുന്നത്. കഷ്ടത തങ്ങളുടെ അവകാശമായി ഇവർ കണ്ടിരുന്നു. വേർപാട് എന്നത് സുപ്രധാന ഉപദേശ വിഷയങ്ങളിൽ ഒന്നായിരുന്നു. പക്ഷേ അതൊക്കെ അന്തക്കാലത്തെ കാര്യം. ഇപ്പോഴത്തെ പെന്തക്കോസ്തുകാർ ഇങ്ങനെയൊന്നുമല്ല. അവർ ഏറെ മാറിയിരിക്കുന്നു.

നാഥന് മുൾമുടി മാത്രമാണ് ലഭിച്ചതെന്നു പറഞ്ഞ് ഇഹലോക സുഖങ്ങൾ കൈവിടാൻ അവർ തയ്യാറല്ല. അനീതിയുള്ള മാമ്മോനേക്കൊണ്ട് സുഹൃത്തുക്കളെ മാത്രമല്ല സ്വന്തം കുടുംബത്തിനുവേണ്ട സമ്പത്തും ഉണ്ടാക്കാമെന്ന് അവർ കണ്ടുപിടിച്ചിരിക്കുന്നു. കഷ്ടത സഹിക്കാൻ അവർ തയ്യാറല്ല. രോഗവും ദു:ഖവും പട്ടിണിയും കഷ്ടതയും മറ്റും ശാപത്തിന്റെ ലക്ഷണങ്ങളാണെന്ന് അവർ പറയുന്നു. വേർപാട് എന്ന വാക്കുപോലും കേൾക്കാനില്ല.

എന്റെ രാജ്യം ഐഹികമല്ല എന്നു കർത്താവു പറഞ്ഞതിന് ദുർവ്യാഖ്യാനം കൊടുക്കുന്നു. സഭാനേതാക്കൻമാർക്ക് എം.എൽ.എ ആകണം, എം.പി ആകണം. സാധിച്ചാൽ മന്ത്രിയുമാകണം. പെന്തക്കോസ്തുകാർ രാഷ്ട്രീയ ശക്തിയായിത്തീരണം. ഈ ലോകത്തിൽ ലഭ്യമായ എല്ലാ നേട്ടങ്ങളും ഉണ്ടാക്കണം. ഇതാണ് ഇന്നത്തെ തിയോളജി.

സത്യസുവിശേഷം ഇന്ന് ദുർലഭമായിരിക്കുന്നു. ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു മാത്രമല്ല പെന്തക്കോസ്ത് നേതാക്കൻമാർക്കും ഭോഷത്വമായിരിക്കുന്നു. പെന്തക്കോസ്തുകാരുടെ ശക്തി രാഷ്ട്രീയക്കാരെ ബോദ്ധ്യപ്പെടുത്തി സ്ഥാനമാനങ്ങൾ നേടാനായി അവർ നെട്ടോട്ടമോടുകയാണ്. ഇതിനെതിരെ പ്രതികരിക്കാൻ ആളില്ലാതായിരിക്കുന്നു.

ഈ തിൻമകൾക്കെതിരെ പ്രതികരിക്കാനുള്ള ബാദ്ധ്യത പെന്തക്കോസ്ത് പത്രങ്ങൾക്കുണ്ട്. പക്ഷേ അവരും മാമ്മോന്റെ പിടിയിലാണ്. നേതാക്കൻമാരെ പിണക്കാൻ അവർ തയ്യാറുമല്ല. പക്ഷേ ഡിഫെൻഡറിന് മിണ്ടാതിരിക്കാൻ വയ്യ. ആരെല്ലാം പിണങ്ങിയാലും വേണ്ടില്ല, ഡിഫെൻഡർ സത്യം പറയും. അതുകൊണ്ടു പറയട്ടെ, ഈ പോക്ക് നാശത്തിലേക്കാണ്.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

ആനുകാലിക രാഷ്ട്രീയത്തെ നർമ്മത്തിന്റെ കണ്ണാടിയിലൂടെ കണ്ട് അപ്രിയ സത്യങ്ങൾ കഴിയുന്നത്ര പ്രിയമായി പറയുകയാണ് ഡിഫെൻഡർ ഈ പംക്തിയിലൂടെ ചെയ്യുന്നത്. പക്ഷേ എത്ര ശ്രമിച്ചാലും നർമ്മം കലർത്താനാവാത്ത സംഭവങ്ങളാണ് കണ്ണൂരിൽ നടക്കുന്നത്. രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായി വീണടിയുന്ന ജീവിതങ്ങൾ കണ്ണീരു മാത്രമേ അവശേഷിപ്പിക്കുന്നുള്ളൂ. കൊല്ലപ്പെട്ട സി.പി.എം കാരന്റെ കുടംബവും ആർ.എസ്സ്.എസ്സ് കാരന്റെ കുടംബവും ഒന്നുപോലെ വിതുമ്പുന്നു. ആർക്കുവേണ്ടിയാണ് ഈ കൊലപാതകങ്ങൾ? എന്തിനുവേണ്ടിയാണ് ഈ രക്തച്ചൊരിച്ചിൽ? ആരാണ് ഇതിലൂടെ ജയിക്കുന്നത്? എന്തുകൊണ്ട് ഇതു കണ്ണൂരിൽ മാത്രം നടക്കുന്നു? ഉത്തരമില്ലാത്ത ചോദ്യങ്ങൾ നിരവധി.

ശവപ്പറമ്പിലിരുന്നുകൊണ്ട് തോമസ് ഗ്രേ പാടി:

The breezy call of incense-
breathing morn,
The swallow twittering from the
straw-built shed,
The cock’s shrill clarion, or the
echoing horn,
No more shall rouse them from
their lowly bed.
For them no more the blazing
hearth shall burn,
Or busy housewife ply her
evening care:
No children run to lisp their
sire’s return,
Or climb his knees the envied
kiss to share.

ഉദിച്ചുയരുന്ന സൂര്യനെ ഇനി അവർ കാണുകയില്ല. കിളികളുടെ പാട്ടു കേൾക്കുകയില്ല. കോഴികൂവുന്ന ശബ്ദം അന്തരീക്ഷത്തിൽ മാറ്റൊലി കൊള്ളുമ്പോൾ അതു കേൾക്കാൻ അവർക്കാവില്ല. ഒരുവിധത്തിലുള്ള ശബ്ദവും അവരെ നിത്യനിദ്രയിൽ നിന്ന് ഉണർത്തുകയില്ല. അവർക്കുവേണ്ടി ഇനി ഒരടുപ്പിലും തീ കത്തുകയില്ല. ഇവർക്ക് അത്താഴമൊരുക്കാൻ ഭാര്യമാർ ഓടിനടക്കുകയില്ല. അവരുടെ മുട്ടിൽ കയറിനിന്ന് കുട്ടികൾ ഉമ്മചോദിക്കുന്നതുകണ്ട് ഇനി ആരും അസൂയപ്പെടുകയുമില്ല. ആരാണ് ജയിച്ചത്? ആരാണ് നേടിയത്? അറിഞ്ഞുകൂടാ. പക്ഷേ നഷ്ടമായത് അവർക്കാണ്, അവരുടെ കുടുംബത്തിനാണ്.

കൊല്ലപ്പെട്ടതെല്ലാം സാധാരണക്കാർ, അത്താഴപ്പട്ടിണിക്കാർ. അവരുടെ കുടുംബങ്ങൾ അനാഥമായി. ഒരു നേതാവും കൊല്ലപ്പെട്ടില്ല, കൊല്ലപ്പെടുകയുമില്ല. അവർ സുരക്ഷിത സ്ഥാനങ്ങളിലിരുന്ന് ആഹ്വാനങ്ങൾ നടത്തുന്നു. എട്ടും പൊട്ടും തിരിയാത്തവർ ഈ ആഹ്വാനം കേട്ട് അന്യോന്യം വെട്ടുന്നു.

പതിവുപോലെ സർവ്വകക്ഷിയോഗങ്ങൾ നടക്കും. സമാധാന റാലികളുണ്ടാകും. നേതാക്കൻമാർ അന്യോന്യം കെട്ടിപ്പിടിക്കും. അങ്ങനെ ചില മാസങ്ങൾ കഴിയും. ഒരു ദിവസം വീണ്ടും കൊലപാതകം നടക്കും. തുടർന്നുള്ള ദിവസങ്ങളിൽ കുറെ സാധുക്കൾകൂടി കൊല്ലപ്പെടും. ഈ കഥ അങ്ങനെ തുടരും.

എല്ലാവർക്കും രക്തസാക്ഷികളെ വേണം. രക്തസാക്ഷികളുടെ ചോരവീണ മണ്ണിലാണ് രാഷ്ട്രീയപാർട്ടികൾ തഴച്ചു വളരുന്നത്. പക്ഷേ പാർട്ടിയെ വളർത്താൻ സ്വന്തം ചോര വീഴ്ത്താമെന്ന് ഒരു നേതാവും തീരുമാനിച്ചതായി അറിവില്ല. അണികളുടെ ചോരയാണ് അവർക്കു വേണ്ടത്.

കണ്ണൂർ ജില്ലയിൽ നിലനിൽക്കുന്ന സ്ഥിതിയേക്കുറിച്ച് ഹൈക്കോടതി നടത്തിയ പരാമർശവും വിവാദമായിരിക്കുന്നു. അത്തരം ഒരു പരാമർശം നടത്തേണ്ട ആവശ്യം ആ കേസ്സിൽ ഇല്ലായിരുന്നു എന്നാണ് ചിലരുടെ വാദം. അത് ശരിയോ തെറ്റൊ എന്നത് ഒരു തർക്കവിഷയമാണ്. അതുപോലെ ഇത്തരം പരാമർശങ്ങൾ നടത്താൻ ഹൈക്കോടതിക്ക് അധികാരമുണ്ടോ എന്ന നിയമപ്രശ്നത്തിനും ഉത്തരം കണ്ടെത്തണം. പക്ഷേ ഒരു കാര്യം സത്യമാണ്: ഹൈക്കോടതിയുടെ നിരീക്ഷണം പച്ചയായ സത്യമാണ്. അതിൽ അല്പംപോലും അതിശയോക്തിയില്ല.

കണ്ണൂരിൽ പോലീസ് സ്വതന്ത്രമല്ലെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഭരിക്കുന്ന പാർട്ടിക്ക് എന്തും ചെയ്യാൻ കഴിയുന്ന സ്ഥിതിയാണ് കണ്ണൂരിലുള്ളത്. സാധാരണക്കാരായ പോലീസുകാർക്കു മാത്രമല്ല ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്കും സ്വതന്ത്രമായി പ്രവർത്തിക്കാനാവില്ല. മുഖപക്ഷമില്ലാതെ നടപടിയെടുക്കണമെന്നൊക്കെ മന്ത്രിമാർ പറയും. പക്ഷേ അതുകൊണ്ട് നടപടിയെടുക്കാൻ പോലീസ് ഉദ്യോഗസ്ഥർ തയ്യാറായാൽ പിറ്റേന്ന് പാറശ്ശാലയിലായിരിക്കും ഡ്യൂട്ടി. ഐ.പി.എസ്സുകാരൻ സോപ്പുകമ്പനിയുടെ എം.ഡിയുമാകും.

ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവിട്ട നടപടി ശരിയായില്ല എന്ന് സുപ്രീംകോടതി വിധിച്ചിരിക്കുന്നു. പക്ഷേ ഇതിലൂടെ തങ്ങളുടെ നിരപരാധിത്വം തെളിഞ്ഞു എന്നാണ് അച്ചൻമാർ പറയുന്നത്. ഇതെന്തു മറിമായം? അച്ചൻമാർ കുറ്റക്കാരാണോ അല്ലയോ എന്ന വിഷയത്തിലേക്ക് സുപ്രീംകോടതി കടന്നതേയില്ല. മുരിങ്ങൂരിൽ എന്തു നടക്കുന്നു എന്ന് പരിശോധിച്ചതുമില്ല, ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ട നടപടി തെറ്റായതു കണ്ട് അന്വേഷണം അവസാനിപ്പിക്കാൻ വിധിച്ചു എന്നുമാത്രം. ഇതേ വിഷയം ഉന്നയിച്ച് ആരെങ്കിലും പൊതുതാല്പര്യഹർജി നൽകിയാൽ വീണ്ടും അന്വേഷണമുണ്ടാകും. അതുകൊണ്ട് അച്ചൻമാർ സന്തോഷിക്കാൻ വരട്ടെ.

ലീഡറും കൂട്ടരും നിരുപാധികമായാണ് കോൺഗ്രസ്സിൽ തിരിച്ചെത്തിയത്. നിരുപാധികം എന്നു പറഞ്ഞാൽ ഒരു കണ്ടീഷനുമില്ലാതെ എന്നു ചുരുക്കം. പക്ഷേ ഇപ്പോൾ അതല്ല സ്ഥിതി. പകുതി ജില്ലകളിലെ പ്രസിഡന്റ് സ്ഥാനം, പ്രസിഡന്റ് സ്ഥാനം ലഭിക്കാത്ത ജില്ലകളിലെ യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനം, ലീഡർജിക്ക് സ്ഥിരം ക്ഷണം .... അങ്ങനെ പോകുന്നു ഉപാധികൾ. നിരുപാധികം എന്നു പറഞ്ഞാൽ ഇങ്ങനെയാണെന്ന് ഇപ്പോഴാണു മനസ്സിലാകുന്നത്. പക്ഷേ ഒരു സംശയം: ഇതൊന്നും തരാൻ പറ്റില്ലെന്ന് നേരെനിന്നു പറഞ്ഞാൽ ലീഡർ എന്തുചെയ്യും? ഒരു ചുക്കും ചെയ്യാൻ കഴിയില്ല. പക്ഷേ ഇതു കോൺഗ്രസ്സാണ്, അതുകൊണ്ട് അങ്ങനെ പറയില്ല.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

**(പ്രത്യേക ശ്രദ്ധക്ക്: ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും വിദേശത്തുനിന്നു വലിയ തുക ധനസഹായമായി ലഭിക്കുമെന്നു പറഞ്ഞ് സമീപിക്കുന്നവരെ സൂക്ഷിക്കുക. അത് തട്ടിപ്പാണ്.)**

# സൗദിയിലെ കളളൻമാർ ഒറ്റപ്പെട്ടു


മാത്യു എം.ജി.


ബിനോയി

സൗദിയിലെ കളളൻമാരായ ഇന്റർനാഷണൽ ഫിലിപ്പ്, മാത്യു എം. ജോർജ്, ബിനോയി എന്നിവർ ഒറ്റപ്പെട്ടു. മറ്റു വിശ്വാസികൾ ഇവരുമായിസഹകരിക്കാൻ തയ്യാറാകുന്നില്ല. ഇത്ര ഗുരുതരമായ സ്ഥിതിയുണ്ടാകുമെന്ന് ഇവർ കരുതിയിരുന്നില്ല.

ഒരു സാധു സഹോദരനെ ഇന്റർ നാഷണൽ ഫിലിപ്പ് 4500 റിയാൽ കബളിപ്പിച്ച സംഭവം സ്വർഗ്ഗീയധ്വനിയുടെ ഡിസ്കഷൻ ബോർഡിൽ പ്രത്യക്ഷപ്പെട്ടതോടെയാണ് പ്രശ്നം തുടങ്ങുന്നത്. ശബ്ദമില്ലാത്തവരുടെ ശബ്ദമായ ഡിഫെൻഡർ ഈ വിഷയം ഏറ്റെടുത്തു. ആ സഹോദരന് പണം കൊടുത്ത് പ്രശ്നം അവസാനിപ്പിക്കാൻ ഡിഫെൻഡർ ഫിലിപ്പിനോട് ആവശ്യപ്പെട്ടു. പക്ഷേ പണം കൊടുക്കാൻ ഒരുങ്ങിയ ഫിലിപ്പിനെ മാത്യു എം. ജോർജ് തടഞ്ഞു. തട്ടിപ്പും വെട്ടിപ്പും നടത്തി ആവശ്യത്തിലധികം പണം സമ്പാദിച്ചിട്ടുളള മാത്യു എം. ജോർജിന് ഡിഫെൻഡറിനെ പേടിക്കേണ്ട കാര്യമില്ലല്ലോ.

ആരാണ് ഡിഫെൻഡറിന് വിവരങ്ങൾ നൽകുന്നതെന്ന് കണ്ടെത്താനായി ഇവരുടെ ശ്രമം. അങ്ങനെയിരിക്കെയാണ് ജോയി എന്ന സഹോദരന്റെ വീട്ടിൽ ഡിഫെൻഡറിന്റെ ഒരു കമ്പ്യൂട്ടർ പ്രിന്റ് കണ്ടത്. ഡിഫെൻഡർ വായിക്കുക എന്ന ഗുരുതരമായ കുറ്റം ചെയ്തതിന് ജോയിയെ പാസ്റ്ററായ ബിനോയി സഭയിൽ നിന്ന് പുറത്താക്കി.

ആരാണ് ബിനോയി? ജിദ്ദയിലുളള ഒരു സഭയിൽ പാസ്റ്റർ ഇല്ലാതായപ്പോൾ ആരാധന നടത്താൻ സഭ ബിനോയിയെ തെരഞ്ഞെടുത്തു എന്നു മാത്രം. പക്ഷേ താൻ അത്യുഗ്രൻ പാസ്റ്ററായിക്കഴിഞ്ഞു എന്നാണ് ഇയാളുടെ ധാരണ. മാത്യു എം.ജോർജ് കൊടുക്കുന്ന പണം വാങ്ങി ജോയിയെ പുറത്താക്കിയത് ഈ കാരണത്താലാണ്. പക്ഷേ മഹാവിശുദ്ധൻ ചമഞ്ഞു നടക്കുന്ന ബിനോയി സ്വവർഗ്ഗാനുരാഗിയാണെന്നെന്നും ബ്ലൂഫിലിം കാണുകയാണ് ഇയാളുടെ ഇഷ്ടവിനോദമെന്നും ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. പ്രകൃതി വിരുദ്ധനായ ഈ നീചനാണ് ഡിഫെൻഡർ വായിച്ചു എന്ന കുറ്റത്തിന് ജോയിയെ പുറത്താക്കിയത്. തട്ടിപ്പുവീരനായ മാത്യു എം. ജോർജാണ് ഇവന്റെ പിന്നിൽ നിന്ന് പ്രവർത്തിക്കുന്നത്.

അരിയും തിന്ന് ആശാരിച്ചിയേയും കടിച്ചിട്ടും പട്ടിക്ക് മുറുമുറുപ്പ് എന്നു പറഞ്ഞതുപോലെ ഈ ഹീനകൃത്യങ്ങളെല്ലാം ചെയ്തിട്ടും ഇവർക്ക് മതിയായില്ല. കബളിപ്പിക്കപ്പെട്ട സഹോദരനെ എങ്ങനെയെങ്കിലും കളളക്കേസ്സിൽ കുടുക്കി സൗദിയിൽ നിന്നു പുറത്താക്കാനാണ് ഇവർ ഇപ്പോൾ ശ്രമിക്കുന്നത്. അതിനായി ഇവർ ആ സഹോദരന്റെ സ്പോൺസറെ കണ്ടിരുന്നു. പക്ഷേ പുറത്താക്കാൻ തക്ക കുറ്റമൊന്നും ആ സഹോദരൻ ചെയ്തതായി സ്പോൺസർക്കു ബോദ്ധ്യമായില്ല. അതുകൊണ്ട് മാത്യുവിന്റെ സ്പോൺസറെ സ്വാധീനിച്ച് കളളക്കേസ്സുണ്ടാക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഇവന്റെയൊക്കെ ഉളളിലുളള ആത്മാവേതെന്ന് ജിദ്ദയിലെ ദൈവമക്കൾ ഇനിയെങ്കിലും തിരിച്ചറിയണം.

ഈ ഭോഷ്ക്കിന്റെ പുത്രൻമാർ ദൈവമക്കളെ തെറ്റിദ്ധരിപ്പിക്കാനായി ഈയിടെ മറ്റൊരു തന്ത്രംകൂടി പ്രയോഗിച്ചു. ഇവർ റ്റി.എസ്.ബാലന് വലിയൊരു തുക കൈക്കൂലിയായി നൽകിക്കഴിഞ്ഞെന്നും ഇനി ബാലൻ ഇവരേക്കുറിച്ച് എഴുതില്ലെന്നുമാണ് കഥ. (ഇവന്റെയൊക്കെ പിതാക്കൻമാർ ചെയ്തതുപോലെ ബാലനും ചെയ്യുമെന്നാണ് ഇവരുടെ ധാരണയെന്നുതോന്നുന്നു).




# മകളെ നിലയ്ക്കു നിർത്തൂ ടി.പീ.



ശാരോന്റെ ജനറൽ സെക്രട്ടറിയായ ടി.പി.ഏബ്രഹാം മകളെ നിലക്കു നിർത്തണം. അതിനു കഴിവില്ലെങ്കിൽ സെക്രട്ടറിസ്ഥാനം രാജിവച്ച് പുറത്തുപോകണം.

ശുശ്രൂഷകൻമാർ മക്കളെ അനുസരണത്തിൽ വളർത്തണമെന്നത് ദൈവവചനത്തിൽ വ്യക്തമായി എഴുതിയിട്ടുളള പ്രമാണമാണ്. എത്ര വലിയ നേതാവായാലും അത് പാലിച്ചേ മതിയാകൂ. പക്ഷേ മക്കളെ മര്യാദക്ക് വളർത്തുന്ന കാര്യത്തിൽ ടി.പി ഒരിക്കലും ശ്രദ്ധിച്ചിരുന്നില്ല. അതുകൊണ്ടാണ് മകൻ ഒരു പാസ്റ്ററുടെ മകനുമായി പ്രകൃതിവിരുദ്ധ ബന്ധത്തിൽ ഇടപെടാൻ ഇടയായത്. ഇതിനെതിരെ ഡിഫെൻഡർ പ്രതികരിച്ചെങ്കിലും ഡിഫെൻഡർ കളളം പറയുകയാണെന്നു പറഞ്ഞ് തടിതപ്പാനാണ് ടി.പി ശ്രമിച്ചത്. പക്ഷേ ഏതാനും മാസം മുൻപ് ടി.പിയുടെ മകൻ സഭായോഗത്തിന് തന്റെ പാപങ്ങൾ പരസ്യമായി ഏറ്റുപറഞ്ഞു. പ്രസംഗിച്ചത് ഇംഗ്ലീഷിലായിരുന്നു. ടി.പിയുടെ ഭാര്യയായിരുന്നു പരിഭാഷ നിർവ്വഹിച്ചത്. മകന്റെ പാപം സ്വന്തം വായ്കൊണ്ട് ഏറ്റുപറയേണ്ട ഗതികേട് മറ്റൊരു അമ്മയ്ക്കും ഉണ്ടായിട്ടില്ല.

ഇപ്പോഴിതാ മകൾ ചേട്ടനെ കടത്തിവെട്ടാൻ ശ്രമിക്കുന്നു. പ്രകൃതിവിരുദ്ധ ബന്ധമല്ല നേരേചൊവ്വേയുളള വ്യഭിചാരമാണ് മകൾ നടത്തുന്നതെന്നു മാത്രം. ടി.പിയുടെ ബൈബിൾ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായാണ് കലാപരിപാടി. മകളുമായി വ്യഭിചരിച്ച കുറ്റത്തിന് ടി.പി ചില വിദ്യാർത്ഥികളെ കോളേജിൽ നിന്നു പുറത്താക്കിയെങ്കിലും വ്യഭിചാരം നിർത്താൻ മകളോട് പറഞ്ഞതായി അറിവില്ല. അതുകൊണ്ട് ടി.പിയോട് ഡിഫെൻഡറിനു പറയാനുളളത് ഇതാണ്: മകളെ നിലക്കു നിർത്തുക, അല്ലെങ്കിൽ രാജിവച്ച് പുറത്തുപോകുക.

# കവിതയെഴുതല്ലേ സൂസൻ ജോണേ

മോനായിയുടെ പത്രത്തിലെ സ്ഥിരം കവിതയെഴുത്തുകാരിയും മോനായിയുടെ അവാർഡ് സ്ഥിരമായി വാങ്ങുന്നവളുമായ സൂസൻ ബി. ജോണിനോട് ഡിഫെൻഡർ അപേക്ഷിക്കുന്നു: ദയവായി കവിതയെഴുത്തു നിർത്തുക. കവിത എന്നാൽ എന്തെന്ന് നിങ്ങൾക്കറിഞ്ഞുകൂടാ.

വായിൽ തോന്നിയ കുറെ വാചകങ്ങൾ കടലാസിൽ എഴുതി കവിതയെന്ന തലക്കെട്ടോടെ (ഡോളർചെക്ക് സഹിതം) അയച്ചാൽ മോനായിയേപ്പോലുളളവർ പ്രസിദ്ധീകരിച്ചെന്നുവരും. പക്ഷേ മലയാളഭാഷയെ സ്നേഹിക്കുന്നവർക്ക് ഈ ക്രൂരകൃത്യം സഹിക്കാൻ കഴിയുന്നില്ല.

# അതുതാനല്ലയോ ഇത്?

ഈയിടെ ഒരു പത്രത്തിൽ അടുത്തടുത്തു കണ്ട രണ്ടു പരസ്യങ്ങൾ കൗതുകമുണർത്തി. ഉൽപ്രേക്ഷയുടെ ലക്ഷണവും ഓർമ്മവന്നു.







# ഓഡിനേഷൻ പരിപാടി ഒഴിവാക്കേണ്ടിയിരുന്നു ഫിലിപ്പേ

സാമാന്യം വിദ്യാഭ്യാസവും വിവരവുമുളള ആളാണ് വി.പി.ഫിലിപ്പ്. പക്ഷേ ഇദ്ദേഹത്തിന് ഓർഡിനേഷൻ ലഭിച്ചതായി ചില പത്രങ്ങളിൽ വാർത്തകണ്ടു. ഓർഡിനേഷൻ വാങ്ങുന്ന ഫോട്ടോയും വാർത്തയോടൊപ്പമുണ്ടായിരുന്നു. വിവരമുളളവർ ഇങ്ങനെയൊക്കെ ചെയ്യാൻ തുടങ്ങിയാൽ വിവരമില്ലാത്തവരുടെ ഗതിയെന്താകും?

ഓർഡിനേഷനെന്ന പേരിൽ പെന്തക്കോസ്ത് സഭകളിൽ നടക്കുന്ന കലാപരിപാടിക്ക് ദൈവവചനത്തിൽ പറയുന്ന ഓർഡിനേഷനുമായി പുലബന്ധംപോലും ഇല്ലെന്നു മനസ്സിലാക്കാൻ ദൈവവചന പണ്ഡിതനാകണമെന്നില്ല. സംഘടനയുടെ നേതാക്കൻമാർ കൈവച്ചാൽ സംഘടന നൽകുന്ന അധികാരം മാത്രമേ ലഭിക്കൂ.

ഓർഡിനേഷൻ നൽകാൻ കൈവച്ചവരുടെ ലിസ്റ്റും ചില പത്രങ്ങളിൽ കണ്ടു. വ്യഭിചാരത്തിന്റെ ആൾരൂപമായ കെ.സി.ജോൺ ആ ലിസ്റ്റിലുണ്ട്. ഫോട്ടോയിലും ഈ നീചന്റെ തലകണ്ടു. ഇവൻ കൈ വച്ചാൽ വ്യഭിചാരത്തിന്റെ ആത്മാവ് തന്റെ ശരീരത്തിലേക്കു പ്രവേശിക്കുമെന്ന വസ്തുത മനസ്സിലാക്കാൻ വി.പി.ഫിലിപ്പിന് കഴിയാതെപോയതിൽ ഡിഫെൻഡറിന് ദു:ഖമുണ്ട്. ഏതായാലും ഈ ഹീനകൃത്യം വി.പി.ഫിലിപ്പ് ഒഴിവാക്കേണ്ടതായിരുന്നു.



# സ്ഥലംമാറ്റം തിരുവചന വെളിച്ചത്തിൽ

മാർച്ച്-ഏപ്രിൽ മാസങ്ങൾ പെന്തക്കോസ്ത് സഭകളിൽ സ്ഥലംമാറ്റത്തിന്റെ കാലമാണ്. നല്ല സഭകിട്ടാനായി പാസ്റ്റർമാരും നല്ല പാസ്റ്ററെ കിട്ടാനായി സഭകളും ശ്രമിക്കുന്ന കാലം. ഇതുമായി ബന്ധപ്പെട്ട കോലാഹലങ്ങൾ ഏറെയുണ്ട്.

എന്താണ് നല്ല സഭ? ഉയർന്ന ആത്മീയ നിലവാരമുള്ള സഭയാണോ? അല്ലേയല്ല. ഏറെ ആളുള്ള സഭയാണോ? ആയിക്കൊള്ളണമെന്നില്ല. പിന്നെന്താണ് നല്ലസഭ? ഉത്തരം ലളിതം. പാസ്റ്റർക്ക് ഏറ്റവും കൂടുതൽ പണം കിട്ടാൻ സാദ്ധ്യതയുള്ള സഭയാണ് നല്ല സഭ. അങ്ങനെയുള്ള സഭ കിട്ടാനാണ് പാസ്റ്റർമാരുടെ നെട്ടോട്ടം. അതിനായി അവർ സെന്റർ പാസ്റ്റർക്കും മറ്റു നേതാക്കൻമാർക്കും കൈക്കൂലി കൊടുക്കുന്നു.

നല്ല പാസ്റ്ററെ കിട്ടാൻ സഭക്കാരും ഓടിനടക്കാറുണ്ട്. നല്ല പാസ്റ്റർ എന്നു പറഞ്ഞാൽ ഉയർന്ന ആത്മീയ നിലവാരം പുലർത്തുന്ന പാസ്റ്റർ എന്ന് അർത്ഥമില്ല. മൂന്നു കുട്ടികളിൽ അധികം പാടില്ല. മൂപ്പിലാൻ ആയിരിക്കരുത്. നല്ല വിദ്യാഭ്യാസം ഉണ്ടായിരിക്കണം. വെറും ഉപദേശിയെ വേണ്ടേവേണ്ട. ഇങ്ങനെപോകുന്നു ഡിമാന്റുകൾ. വിദ്യാഭ്യാസം ഏറെയില്ലാത്തവർ, കൂടുതൽ കുട്ടികളുള്ളവർ, മുതുക്കൻമാർ, കേന്ദ്രത്തിൽ പിടിയില്ലാത്തവർ തുടങ്ങിയവർക്ക് നല്ലസഭ കിട്ടുകയില്ല. ഒരു സഭയും കിട്ടിയില്ലെന്നും വരാം.

ബിഷപ്പിനു കൈക്കൂലി കൊടുത്ത് പൗരോഹിത്യവും ആർച്ച് ബിഷപ്പിന് കൈക്കൂലി കൊടുത്ത് ബിഷപ്പ് സ്ഥാനവും പോപ്പിന് കൈക്കൂലി കൊടുത്ത് കർദ്ദിനാൾ സ്ഥാനവും മറ്റും വാങ്ങുന്ന പതിവ് കത്തോലിക്കാസഭയിൽ ഉണ്ടായിരുന്നു. റിഫോർമേഷന് വഴിവച്ച നിരവധി കാരണങ്ങളിൽ ഒന്നായിരുന്നു ഇത്. ഇതിനു സമാനമായ നടപടി ഇപ്പോൾ പെന്തക്കോസ്തിൽ സർവ്വസാധാരണമായിരിക്കയാണ്. സ്ഥലംമാറ്റം തീരുമാനിക്കുന്നത് കേന്ദ്രത്തിൽ നിന്നാണെന്ന് പറയാറുണ്ടെങ്കിലും നാട്ടുരാജാക്കൻമാരായ സെന്റർ പാസ്റ്റർമാർ എടുക്കുന്ന തീരുമാനം അനുസരിച്ച് സ്ഥലംമാറ്റ ഉത്തരവുകൾ അയയ്ക്കുന്ന പണി മാത്രമേ കേന്ദ്രത്തിൽ നടക്കാറുള്ളൂ. അതുകൊണ്ട് നല്ല സഭ കിട്ടാൻ സെന്റർ പാസ്റ്റർ കനിയണം. കിട്ടാനുള്ളതു കിട്ടാതെ സെന്റർ പാസ്റ്റർ എന്ന അത്ഭുതജീവി കനിയുകയില്ല. കിട്ടേണ്ട സഭയുടെ മേൻമയ്ക്കനുസരിച്ചുള്ള കൈമടക്ക് കിട്ടാതെ ഈ ചങ്ങാതിയുടെ മനസ്സ് അലിയുകയില്ല. ഏറ്റവും കൂടുതൽ തുക നൽകുന്നവർക്ക് നല്ല സഭകൾ നൽകുന്ന സെന്റർ പാസ്റ്റർമാരുമുണ്ട്.

സ്ഥലംമാറ്റം വേണ്ടെന്നാണോ ഡിഫെൻഡർ പറഞ്ഞുവരുന്നതെന്ന് ചോദിക്കുന്നവരുണ്ടാകാം. അതല്ല കാര്യം. പെന്തക്കോസ്തിലെ ഭരണക്രമം ആകെ താറുമാറായിരിക്കയാണ്. വചനവിരുദ്ധമായ കാര്യങ്ങളാണ് പെന്തക്കോസ്തിൽ നടക്കുന്നത്. അതുകൊണ്ടുള്ള പ്രശ്നമാണ് ഇതൊക്കെ.

വിശ്വാസി, പ്രാദേശിക സഭ, ആകമാനസഭ എന്നിവ മാത്രമേ ദൈവീക പദ്ധതിയിലുള്ളൂ. ഐ.പി.സിയും ശാരോനും എ.ജിയും മറ്റും വചനവിരുദ്ധമാണ്, സാത്താന്യമാണ്. ദൈവജനത്തെ ഭിന്നിപ്പിക്കാനായി സാത്താൻ ഉണ്ടാക്കിയ സംഘടനകളാണ് ഇവയൊക്കെ. വചനവിരുദ്ധമായ ഈ സംഘടനകളാണ് സ്ഥലംമാറ്റപ്രശ്നം ഉണ്ടാക്കിയത്.

സംഘടനകൾ ഇല്ലാതെ പ്രാദേശിക സഭകൾക്ക് എങ്ങനെ പ്രവർത്തിക്കാനാകും എന്നു ചോദിക്കുന്നവരുണ്ട്. ഇതിനുള്ള ഉത്തരം ലളിതമാണ്. നാഗാലാന്റിലെ ബാപ്റ്റിസ്റ്റ് സഭകളുടെ പ്രവർത്തനം നല്ല ഉദാഹരണമാണ്. ഒരു ഗ്രാമത്തിൽ ഒരു ബാപ്റ്റിസ്റ്റ് സഭയാണ് ഉണ്ടായിരിക്കുക. ആ സഭ സ്വതന്ത്രമാണ്. വിശ്വാസികളാൽ തെരഞ്ഞെടുക്കപ്പെടുന്ന ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും അടങ്ങുന്ന ഒരു കമ്മറ്റിക്കാണ് സഭയുടെ പരമാധികാരം. ഒരു നിശ്ചിത കാലത്തേക്കാണ് പാസ്റ്ററെ നിയമിക്കുക. കാലാവധി അവസാനിക്കാറാകുമ്പോൾ പുതിയ പാസ്റ്ററെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കും. പാസ്റ്ററെ ആവശ്യമുണ്ടെന്നവിവരം വാമൊഴിയായും വരമൊഴിയായും പരസ്യം ചെയ്യും. നിരവധി അപേക്ഷകൾ ലഭിക്കയും ചെയ്യും. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ കമ്മറ്റി പരിശോധിച്ച് നാലോ അഞ്ചോ ആളുകളുടെ ലിസ്റ്റ് ഉണ്ടാക്കും. അവരെയെല്ലാം ഇന്റർവ്യൂ ചെയ്യും. ഏറ്റവും യോഗ്യനായ ആളെ പാസ്റ്ററായി നിയമിക്കും. ഒരു നിശ്ചിത കാലത്തേക്കായിരിക്കും നിയമനം. പാസ്റ്ററുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവയും നിശ്ചയിക്കും. ഇങ്ങനെ നിയമിക്കപ്പെടുന്ന പാസ്റ്റർ നിശ്ചിത കാലാവധി തീരുന്നതുവരെ പ്രവർത്തിക്കും. പാസ്റ്റർ സഭയുടെ അദ്ധ്യക്ഷനാണ്, ഏകാധിപതിയല്ല. പ്രധാന തീരുമാനങ്ങളെല്ലാം കമ്മറ്റിയിൽ ആലോചിച്ചാണ് എടുക്കുന്നത്.

ഒരു ഗോത്രവിഭാഗത്തിന് നിരവധി ഗ്രാമങ്ങളുണ്ടായിരിക്കും. ഈ ഗ്രാമങ്ങളിലെല്ലാം ഇപ്രകാരം പ്രാദേശിക സഭകളുണ്ടാകും. ഇവയെല്ലാം സ്വതന്ത്ര സഭകളാണ്. ഈ സഭകൾ എല്ലാം ചേർന്ന് അസ്സോസിയേഷൻ ഉണ്ടാക്കുന്നു. ലോത്താ ഗോത്രത്തിന് ലോത്താ ബാപ്റ്റിസ്റ്റ് അസോസിയേഷൻ, സേമ ഗോത്രത്തിന് സേമ ബാപ്റ്റിസ്റ്റ് അസോസിയേഷൻ എന്നിങ്ങനെ. ഈ അസോസിയേഷന് പ്രസിഡന്റും സെക്രട്ടറിയും മറ്റുമുണ്ട്. പക്ഷേ ഇവർക്ക് പ്രാദേശികസഭകളെ ഭരിക്കാനുള്ള അധികാരമില്ല. സഭകളെ പൊതുവായി ബാധിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുകയാണ് ഇവരുടെ ജോലി. ഉന്നത വിദ്യാഭ്യാസമുള്ള ഇവർക്ക് അസ്സോസിയേഷനിൽ നിന്ന് ശമ്പളവും ലഭിക്കും.

നാഗാലാന്റിൽ മാത്രമല്ല ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും സുവിശേഷവിഹിത സഭകൾ ഈ വിധത്തിലുള്ള ഭരണക്രമമാണ് പിൻതുടരുന്നത്. ഐ.പി.സിയിൽ ഈ വിധത്തിലുള്ള ഭരണം നടപ്പിലാക്കാമെന്നു വാക്കുപറഞ്ഞാണ് സ്വീഡിഷ് സഭകളിൽ നിന്ന് സാമ്പത്തിക സഹായം വാങ്ങിയതും. പക്ഷേ പണം കിട്ടിക്കഴിഞ്ഞ് അന്നത്തെ നേതാക്കൻമാർ വാക്കുമാറി. അതിന്റെയൊക്കെ ഫലമാണ് ഇക്കാലത്തെ പാസ്റ്റർമാരും സഭകളും അനുഭവിക്കുന്നത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** സംഘടനകൾ ദൈവീക പദ്ധതിയിലില്ലെന്നും പ്രാദേശിക സഭകളും ആകമാന സഭയും മാത്രമേയുള്ളൂ എന്നും ഡിഫെൻഡറിൽ വായിച്ചു. എന്താണ് പ്രാദേശിക സഭ? ലോക്കൽ ചർച്ച് എന്ന പേരിൽ അറിയപ്പെടുന്ന കൂട്ടരെ യഥാർത്ഥത്തിൽ ലോക്കൽ സഭയായി പരിഗണിക്കാമോ?

■ വിശ്വാസി, പ്രാദേശിക സഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവീക പദ്ധതിയിലുള്ളൂ എന്നത് ശരിതന്നെ. ഐ.പി.സി, ശാരോൻ, എ.ജി തുടങ്ങിയവയെല്ലാം മനുഷ്യനിർമ്മിതമായ സംഘടനകളാണ്. ഇവയൊന്നും സഭയല്ല, ഇവയുടെ നേതാക്കൻമാർ സഭയുടെ നേതാക്കൻമാരുമല്ല. ഇത്തരം സംഘടനകൾ ദൈവീക പദ്ധതിയിലില്ല. ദൈവമക്കളെ ഭിന്നിപ്പിക്കാനായി സാത്താൻ രൂപം കൊടുത്തതാണ് ഈ സംഘടനകളെല്ലാം.

ലോക്കൽ സഭ എന്ന പേരിൽ അറിയപ്പെടുന്ന ഒരു കൂട്ടരെ അറിയാം. ബ്രദറൺ ഉപദേശവുമായി സാമ്യമുള്ള ഉപദേശങ്ങളുള്ള ഈ ഗ്രൂപ്പ് പേരുകൊണ്ട് പ്രാദേശികസഭയാണെങ്കിലും യഥാർത്ഥ ദൈവസഭയല്ല. ഉപദേശപ്പിശകുകൾ പഠിപ്പിക്കുന്ന ഇവർക്ക് കൾട്ടുമായാണ് സാമ്യം.

എന്താണ് യഥാർത്ഥ ലോക്കൽ സഭ എന്നു മനസ്സിലാക്കാൻ ബൈബിളിൽ പേരെടുത്തു പറയുന്ന ലോക്കൽ സഭകളേക്കുറിച്ച് പഠിച്ചാൽ മതി. ആദ്യമായുണ്ടായ ലോക്കൽ സഭ യെരൂശലേമിലെ സഭയാണ്. സ്റ്റെഫാനോസിന്റെ വധത്തിനുശേഷം വിശ്വാസികൾ ചിതറിപ്പോയതിനുശേഷമാണ് മറ്റു പ്രാദേശിക സഭകൾ ഉണ്ടായത്. അപ്പോസ്തലൻമാരോ സുവിശേഷകരോ സാധാരണക്കാരായ വിശ്വാസികളോ ഒരു സ്ഥലത്തുചെന്ന് സുവിശേഷം പ്രസംഗിക്കുന്നു. ഏറെ താമസിയാതെ അവിടെ ഒരുകൂട്ടം വിശ്വാസികളുണ്ടാകുന്നു. ഇങ്ങനെയാണ് പ്രാദേശിക സഭകൾ ഉടലെടുക്കുന്നത്. ശമര്യ, എഫെസോസ്, കൊരിന്ത്, ഗലാത്യ, റോം തുടങ്ങിയ സ്ഥലങ്ങളിലെല്ലാം പ്രാദേശിക സഭകളുണ്ടായത് ഈ വിധത്തിലാണ്.

ഒരു ഗ്രാമത്തിൽ, അല്ലെങ്കിൽ ഒരു പട്ടണത്തിൽ ഒരു പ്രാദേശികസഭ എന്നതാണ് ശരിയായ രീതി. എന്നാൽ ആരാധനയ്ക്കും മറ്റും എത്തിച്ചേരാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ (ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ) ഒന്നിലേറെ പ്രാദേശിക സഭകൾ ഒരു പട്ടണത്തിൽ ഉണ്ടാകാം. പക്ഷേ ഇന്നു പെന്തക്കോസ്തിൽ കാണുന്നതുപോലുള്ള പരിപാടിയാകരുത് ഇത്. വിളിച്ചാൽ കേൾക്കുന്ന ദൂരത്തിൽ സഭകൾ സ്ഥാപിക്കുന്നത് ദൈവീക പദ്ധതിയിലുള്ള കാര്യമല്ല.

പട്ടണങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിൽ പോലും ഇപ്പോൾ നിരവധി പ്രാദേശിക സഭകളുണ്ട്. ഒരേസംഘടനയുടെ സഭകൾ തന്നെ പലതുണ്ടാകാം. ഇതൊന്നും യഥാർത്ഥ ദൈവസഭയല്ല. ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിക്കുന്നത് ബാബേലിലെ ആത്മാവാണ്.

ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം. തിരുവല്ല ഒരു ചെറിയ പട്ടണമാണ്. അതുകൊണ്ട് തിരുവല്ലയിൽ ഒരു സഭ മതിയാകും. ചങ്ങനാശ്ശേരിയിൽ മറ്റൊരു പ്രാദേശിക സഭയുണ്ടാക്കാം. ഇങ്ങനെ, ചെങ്ങന്നൂർ, പന്തളം, മല്ലപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലും സഭകൾ ആകാം. യാത്രാസൗകര്യമുള്ള ഈ കാലത്ത് അഞ്ചോ പത്തോ കിലോമീറ്റർ സഞ്ചരിക്കാൻ ബുദ്ധിമുട്ടില്ല.

ഓരോ പ്രാദേശിക സഭയിലും നിരവധി ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. അവരുടെ യോഗ്യതകൾ 1തിമോ. 3:ൽ പറയുന്നുണ്ട്. ഈ ശുശ്രൂഷകരുടെ കങ്കാണിയായി അദ്ധ്യക്ഷൻ (പാസ്റ്റർ) ഉണ്ടായിരിക്കണം. ലോക്കൽ സഭയുടെ തലവനായ ഈ ഓവർസിയറാണ് ബിഷപ്പ്. പ്രാദേശിക സഭകൾ ചേർത്ത് സംഘടനയുണ്ടാക്കുന്നതും ആ സംഘടനക്ക് പ്രസിഡന്റും മറ്റും ഉണ്ടാകുന്നതും മറ്റും വചനവിരുദ്ധമായ കാര്യമാണ്. പ്രാദേശികസഭക്ക് പരമാധികാരമുണ്ട്. ലോകമെമ്പാടുമുള്ള എല്ലാ പ്രാദേശിക സഭകളും ചേർന്നതാണ് ആകമാനസഭ.

ദൈവം തന്റെ വേലയ്ക്കായി ഒരു വ്യക്തിയെ വിളിക്കുന്നു എന്ന് ആ വ്യക്തിക്കും പ്രാദേശിക സഭക്കും ബോദ്ധ്യമാകുമ്പോൾ സഭയിലെ ശുശ്രൂഷകൻമാർ ചേർന്ന് കൈവച്ചു പ്രാർത്ഥിച്ച് ആ വ്യക്തിയെ ദൈവവേലയ്ക്കായി വേർതിരിക്കണം. ഇതാണ് യഥാർത്ഥ ഓർഡിനേഷൻ. സംഘടനയുടെ നേതാക്കൻമാർ ചേർന്ന് കൈവച്ചു പ്രാർത്ഥിക്കുമ്പോൾ കിട്ടുന്ന അധികാരം ദൈവീക അധികാരമല്ല, സംഘടന നൽകുന്ന അധികാരമാണ്. ഇത് ഓർഡിനേഷനല്ല.

ഇങ്ങനെ പറയാൻ ഏറെയുണ്ട്. പക്ഷേ പറഞ്ഞിട്ട് പ്രയോജനമില്ല. ബാബേലിന്റെ ആത്മാവ് പെന്തക്കോസ്ത് സഭകളിൽ പിടിമുറുക്കിക്കഴിഞ്ഞു. സംഘടനയില്ലാത്ത ലോകം പെന്തക്കോസ്തുകാർക്ക് സ്വപ്നം കാണാൻ പോലും പറ്റില്ല. സംഘടനയുടെ നേതാക്കൻമാർ ദൈവദാസൻമാരല്ല എന്നു പറഞ്ഞാൽ അത് അംഗീകരിക്കാനും അവർക്ക് കഴിയില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# കുഴിക്കാല വീണ്ടും കുഴപ്പത്തിൽ

വിട്ടാലും വിടാത്ത കമ്പിളിക്കെട്ടുപോലെ സാം കുഴിക്കാലയെ വിവാദങ്ങൾ പിൻതുടരുകയാണ്. ഒന്നു മാനസാന്തരപ്പെടാമെന്നു കരുതിയിട്ട് അതും നടക്കുന്നില്ല. മൂത്ത മാനസാന്തരം മൂന്നു മാസം എന്നു പറഞ്ഞതുപോലെ കുഴിക്കാലയുടെ മാനസാന്തരം മൂന്നുമാസംകൊണ്ട് തീരും എന്ന് ഡിഫെൻഡർ പറഞ്ഞിരുന്നു. മൂന്നു മാസത്തിനുള്ളിൽ കുഴിക്കാല പഴയപണി വീണ്ടും തുടങ്ങിയ കാര്യവും ഡിഫെൻഡർ റിപ്പോർട്ട് ചെയ്തു. പക്ഷേ ഇതൊക്കെ ഡിഫെൻഡർ വെറുതെ പറയുന്നതാണെന്നു കരുതിയവർക്കു തെറ്റി. രാഷ്ട്രദീപികയുടെ മാർച്ച് മൂന്ന് ലക്കത്തിൽ വന്ന വാർത്ത ശ്രദ്ധിക്കുക.

**വിജിലൻസ് നിയമനം: മുൻമന്ത്രിയുടെ അനുയായി ലക്ഷങ്ങൾ തട്ടി**

വിജിലൻസ് സ്പെഷ്യൽ പ്രോസിക്യൂട്ടറായി നിയമനം വാഗ്ദാനം ചെയ്ത് മുൻമന്ത്രിയുടെ അനുയായി അഭിഭാഷകയിൽ നിന്നും ലക്ഷങ്ങൾ തട്ടിയെടുത്തതായി കേസ്സ്. ആന്റണി മന്ത്രിസഭയിലെ അംഗവും ഇപ്പോൾ കെ.പി.സി.സി ഭാരവാഹിയുമായ ഒരു നേതാവിന്റെ അടുത്ത അനുയായിയും ബിസിനസ്സ് പങ്കാളിയുമായ കോഴഞ്ചേരി നാരങ്ങാനം സ്വദേശി സാം കുഴിക്കാലക്ക് എതിരെയാണ് കേസ്സ്. തിരുവനന്തപുരം പാച്ചല്ലൂർ സ്വദേശിയായ അഭിഭാഷകയ്ക്ക് വിജിലൻസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമനം നൽകാമെന്നു പറഞ്ഞ് 15 ലക്ഷം രൂപ വാങ്ങിയെങ്കിലും നിയമനം വാങ്ങിക്കൊടുക്കാൻ കഴിയാഞ്ഞതിനെ തുടർന്ന് വ്യാജ ചെക്ക് നൽകിയെന്നാണ് പരാതിക്കാരിയുടെ ഭാഷ്യം. മുൻമന്ത്രിയുടെ പേരു പറഞ്ഞാണ് തുക കൈക്കലാക്കിയത്. ചെക്ക് മടങ്ങിയതിനെ തുടർന്നുണ്ടായ കേസ്സിൽ കോടതി സ്ഥലവും വീടും കണ്ടുകെട്ടിയിരുന്നു. ഇതു മറികടന്ന് സ്ഥലവും വീടും വിൽക്കാൻ ഇയാൾ ശ്രമിച്ചതും വിവാദമായി. വർഷങ്ങളായി പൂട്ടിക്കിടക്കുന്ന കോയമ്പത്തൂരിലെ സ്റ്റാൻപ്രോ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം വ്യാജരേഖ ചമച്ച് ഇയാളും മുൻമന്ത്രിയും ചേർന്ന് തട്ടിയെടുക്കാൻ ശ്രമിച്ചെന്ന പേരിൽ തമിഴ്നാട്ടിൽ ഇയാൾക്കെതിരെ കേസ്സുകൾ നിലവിലുണ്ട്. സ്റ്റാൻപ്രോയുടെ ഓഹരി നൽകാമെന്നു പറഞ്ഞ് നിരവധി വിദേശ മലയാളികളിൽ നിന്നും പണം തട്ടിയെടുത്തതിന്റെ പേരിൽ നിരവധി പരാതികളുണ്ടായിട്ടും മുൻമന്ത്രിയുടെ സ്വാധീനംമൂലം അന്വേഷണം മരവിപ്പിച്ചിരിക്കയാണ്.

കൊടൈക്കനാൽ ക്രിസ്ത്യൻ സ്ക്കൂൾ ഉടമ സാം ഏബ്രഹാമിന്റെ പേരിൽ വ്യാജരേഖ ചമച്ച് തമിഴ്നാട്ടിലെ ഒരു വ്യവസായിയിൽ നിന്നും 50 ലക്ഷം രൂപ തട്ടിയെടുത്ത കേസ്സിലും ഇയാൾ പ്രതിയാണ്. ഒരേസമയം വ്യവസായിയും സുവിശേഷകനും രാഷ്ട്രീയക്കാരനുമായി ചമഞ്ഞ് തട്ടിപ്പു നടത്തുന്ന ഇയാൾ മുൻമന്ത്രിയുടെ പേരുപറഞ്ഞാണ് പരാതിക്കാരെ ഭീഷണിപ്പെടുത്തുന്നത്. വട്ടപ്പാറയിലെ ഹോളി ക്രോസ് സ്ക്കൂളിന് സർക്കാർ അംഗീകാരം വാങ്ങിത്തരാമെന്നു പറഞ്ഞ് സ്ക്കൂൾ ഉടമയിൽ നിന്ന് മൂന്നുലക്ഷം രൂപ തട്ടിയെടുത്തതിനെതിരെ തിരുവനന്തപുരം കോടതിയിൽ കേസ്സുണ്ട്.

ഇത്രയുമാണ് രാഷ്ട്രദീപികയിലുള്ളത്. വാർത്തയിൽ പരാമർശിക്കപ്പെടുന്ന മുൻമന്ത്രിയേതെന്ന് കണ്ടെത്താനായി ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ ലഭിച്ച ഫോട്ടോ താഴെ കൊടുക്കുന്നു.






# ജെ. ഫിലിപ്പിനെ അറിയാമോ?

ജെ.ഫിലിപ്പ് എന്നൊരു വിദ്വാനെ ആർക്കെങ്കിലും അറിയാമോ? ഈ പേരുള്ള നിരവധി ആളുകൾ ഈ ഭൂലോകത്തുണ്ടായിരിക്കും. അതുകൊണ്ട് അല്പം വിശദീകരണങ്ങൾകൂടി തരാം:

ഈ വ്യക്തി അമേരിക്കയിലുള്ള ഡിട്രോയിറ്റ് എന്ന സ്ഥലത്താണ് താമസം എന്നു കരുതാം. അവിടെയുള്ള Diversified Chemical Technologies എന്ന സ്ഥാപനത്തിൽ ഇയാൾ ജോലി ചെയ്യുന്നുണ്ടെന്നും ഊഹിക്കുന്നു. കക്ഷി ഒരു വിവരദോഷിയാണ്. ആട്ടിൻകാഷ്ഠവും കൂർക്കയും തിരിച്ചറിയാത്തവൻ. സാത്താനെ ശാസിക്കയും അത്യുഗ്രമായി ഭർസിക്കയും മറ്റും ചെയ്യുന്ന ഇനത്തിൽ പെട്ട വിശ്വാസി. ദൈവത്തിന്റെ അടുത്ത ആളാണ് താൻ എന്ന ഭാവത്തിൽ നടക്കുന്നു. കള്ളം പറയാൻ മടിയില്ല. ഇത്രയുമൊക്കെയാണ് ഈ മാന്യദേഹത്തേക്കുറിച്ചുള്ള വിവരങ്ങൾ. ഈ വിദ്വാനെ അറിയാവുന്നവർ ദയവായി വിവരം അറിയിക്കുക. ലഭ്യമെങ്കിൽ ഫോട്ടോയും തരിക. വിവരം നൽകുന്ന വ്യക്തിയുടെ പേരും മറ്റും വെളിപ്പെടുത്തുന്നതല്ല.

# ആ അച്ചായനാണോ ഈ അച്ചായൻ?

അച്ചായൻ എന്നു പേരുള്ള ഒരു വൽസൻഭക്തനേക്കുറിച്ച് ഫെബ്രുവരി 16 ലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. ആ ലേഖനം പ്രസിദ്ധീകരിച്ചതിനു ശേഷം അച്ചായന്റെ പൊടിപോലും കാണാനില്ല. സ്വർഗ്ഗീയധ്വനിയുടെ ഡിസ്കഷൻ ബോർഡിലാണ് അച്ചായന്റെ കൈക്കുറ്റപ്പാടുകൾ പ്രത്യക്ഷപ്പെട്ടിരുന്നത്. പക്ഷേ അവിടെയും അച്ചായനെ ഇപ്പോൾ കാണുന്നില്ല. (വയറു നിറച്ച് കിട്ടിയെന്നു തോന്നുന്നു).

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും ഡിഫെൻഡറിന് അച്ചായനെ അങ്ങനെ മറക്കാൻ പറ്റില്ലല്ലോ. ഇങ്ങോട്ടു കയറി ''അളിയാ'' എന്നു വിളിക്കുന്നവരോട് പ്രതികരിക്കാതിരിക്കാൻ ഡിഫെൻഡർ പരമ പുണ്യാളനുമല്ലല്ലോ. അതുകൊണ്ട് അച്ചായനെ കണ്ടെത്താൻ ഡിഫെൻഡർ ഒരു അന്വേഷണം നടത്തി. ഒരു അച്ചായനെ കണ്ടെത്തുകയും ചെയ്തു. പക്ഷേ ഈ അച്ചായനാണോ ആ അച്ചായൻ എന്ന് തീർച്ചയില്ല.

ഡിഫെൻഡർ കണ്ടെത്തിയ അച്ചായനും കടുത്ത വൽസൻ ഭക്തനാണ്. വൽസനോടു മാത്രമല്ല ടി.എസ്സിനോടും കലശലായ ഭക്തിയുണ്ട്. കുമ്പനാട് എന്ന് എഴുതിയ കടലാസ് കണ്ടാൽ അതിൽ നക്കുന്നത്ര ഭക്തിയുള്ള ആളാണ് ഈ അച്ചായൻ.

കടുത്ത ഫുട്ബോൾ ഭ്രാന്തനാണ് ഈ ചങ്ങാതി. എവിടെയെങ്കിലും ഫുട്ബോൾ കളിയുണ്ടെന്നു കേട്ടാൽ വരയൻ അണ്ടർവെയറുമിട്ട് അച്ചായൻ ഹാജരാകും. കൂടാതെ അല്പം രാഷ്ട്രീയം, കാക്കപിടുത്തം തുടങ്ങിയവുമുണ്ട്. ഇന്ത്യയിലും വിദേശത്തും ജോലി ചെയ്തിട്ടുണ്ട്. അതുകൊണ്ട് അല്ലലില്ലാതെ ജീവിക്കാനുള്ള വക ബാങ്കിലുമുണ്ട്. പക്ഷേ ഒരു ചെറിയ പ്രശ്നം ബാക്കി നിൽക്കുന്നു: അച്ചായൻ നന്നായി മദ്യപിക്കും. (അത് ഒരു കുറ്റമല്ലല്ലോ). ഇനി അച്ചായൻതന്നെ പറയൂ, സ്വർഗ്ഗീയധ്വനിയിലെ അച്ചായൻ തന്നെയാണോ ഈ അച്ചായൻ?

# ദിനകരനെ വിളിച്ച യേശു മറ്റൊരു യേശു ആണച്ചാ

ദിനകരനെ ആരാണ് വിളിച്ചത്? ജീവിതത്തിന്റെ നല്ലൊരു ഭാഗം ''യേശു വിളിക്കുന്നു'' എന്നുപറഞ്ഞ് ജനവഞ്ചന നടത്തിയ ദിനകരനെ യേശുവാണ് വിളിച്ചതെന്ന കാര്യത്തിൽ സണ്ണി അച്ചന് സംശയമില്ല. അച്ചൻ എഴുതിക്കൊടുത്തത് അതേപടി പ്രസിദ്ധീകരിക്കാൻ മരുപ്പച്ചയ്ക്കും ശങ്കയില്ല. പക്ഷേ ഡിഫെൻഡർ ഇത് വെള്ളം തൊടാതെ വിഴുങ്ങാൻ തയ്യാറല്ല. കാരണം, ദിനകരനെ വിളിച്ചത് യേശുവാണെങ്കിൽ ആ യേശു കർത്താവായ യേശുക്രിസ്തുവല്ല, മറ്റൊരേശുവാണ്.

യേശു വിളിക്കുന്നു എന്ന പേരിൽ ദിനകരൻ പരിപാടികൾ അവതരിപ്പിച്ചിരുന്നു എന്നത് ശരിതന്നെ. പക്ഷേ ദിനകരൻ പ്രസംഗിച്ച യേശു ക്രൂശിക്കപ്പെട്ട ക്രിസ്തുവായിരുന്നില്ല, മറിച്ച് യേശുവിന്റെ വേഷം കെട്ടിയ മാമോനായിരുന്നു. ക്രൂശിന്റെ വചനമല്ല സമൃദ്ധിയുടെ സുവിശേഷമാണ് ദിനകരൻ പ്രസംഗിച്ചത്. പണം കൊടുക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കയും ആത്മീയത വില്പനച്ചരക്കാക്കുകയും ചെയ്ത ദിനകരനെ ജീവനുള്ള ദൈവത്തിന്റെ ദാസനായി കണക്കാക്കാൻ പറ്റില്ല.

സ്വർഗ്ഗീയധ്വനിയുടെ ഡിസ്കഷൻ ബോർഡിൽ കണ്ട ഒരു കുറിപ്പ് ഉദ്ധരിക്കട്ടെ: http://sdpathram.com/forum/forums/thread/2933.aspx

Personally I know one case. A girl from Kerala went to Chennai to be prayed by DGS Dinakaren for miraculous healing. Unfortunately he asked 10,000/- for prayer, around 15ys ago. That poor family came back without prayer and after one month that girl died. (Sunil)

ദിനകരനേക്കൊണ്ടു പ്രാർത്ഥിപ്പിക്കാൻ ശ്രമിച്ചിട്ടുള്ള ഭൂരിപക്ഷം ആളുകൾക്കും ഇത്തരം അനുഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്. പ്രാർത്ഥന ഉൾപ്പെടെ എന്തും പണത്തിന്റെ കണ്ണിലൂടെ മാത്രമേ ദിനകരന് കാണാൻ കഴിഞ്ഞുള്ളൂ. സണ്ണിയച്ചൻ എടുത്തു പറഞ്ഞ യംഗ് പാർട്ട്നേഴ്സ് പ്ലാൻ തന്നെ നല്ല ഉദാഹരണം. (വിശദവിവരങ്ങൾക്ക് www.prayertoweronline.org/plans/ypp.asp എന്ന വെബ്പേജ് നോക്കുക).

**What is Young Partners Plan and for whom is it?**

Young Children fall prey to the evil snares of Satan. Children being tender and less protected, often become slaves to the enemy. The Lord appeared to Bro. D.G.S. Dhinakaran on 25th July 1985 and gave him a mandate to institute a plan for the young partners who are below the age of 25 years. The family members and the prayer warriors pray for these Young Partners to receive the following blessings in their life:

i. Protection from Evil. ("Keep them from the evil one" - John 17:15)
ii. Wisdom to Shine. ("Your children shall be taught by the Lord and great shall be the peace of your children" - Isaiah 54:13)
iii. Prosperity in life. ("He shall bless your Children" - Psalm 115:14)

ഈ പദ്ധതിയിൽ അംഗമാകാൻ നൽകേണ്ട തുക ഇപ്രകാരമാണ്:
India, Pakistan, Bangladesh, Nepal, Burma: Indian Rs. 2000 Sri Lanka : Indian Rs. 3500. Malaysia : RM 500. Singapore : S$ 250 Australia : AUD 250. Canada : CAD 350. South Africa : RAND 1400 United Kingdom(£) : GBP 100. Rest of Europe(•) : Euro 150 US and all Other Countries : US $ 200.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ആത്മാവേത്? പരിശുദ്ധാത്മാവോ? അല്ലെന്നു തീർച്ച. ഇങ്ങനെ പണം പിരിക്കാൻ പറഞ്ഞ ദൈവമേത്? സത്യദൈവമോ? അല്ലെന്നു തീർച്ച. ദിനകരൻ മാമോന്റെ വേലക്കാരനായിരുന്നു. ദിനകരൻ പോയത് മാമോന്റെ അടുത്തേക്കാണ്.



# ആഭരണം ധരിക്കുന്നവർക്ക് തിരുവത്താഴമില്ല: പ്രസ്ബിറ്ററി

ആഭരണം ഉപയോഗിക്കുന്നവർക്ക് തിരുവത്താഴം കൊടുക്കുന്നത് നിരോധിക്കാൻ ഐ.പി.സി കേരള പ്രസ്ബിറ്ററി തീരുമാനിച്ചു. മാർച്ച് നാലിന് കുമ്പനാട്ടു ചേർന്ന പ്രസ്ബിറ്ററി മീറ്റിംഗിലാണ് ഈ തീരുമാനമുണ്ടായത്. ഐ.പി.സിയുടെ പല സഭകളിലും ആഭരണധാരികൾ അംഗങ്ങളായുണ്ട്. ഇവർക്ക് തിരുവത്താഴം കൊടുക്കാമോ എന്ന വിഷയം പലപ്പോഴും ചൂടേറിയ വാദപ്രതിവാദങ്ങൾക്ക് കാരണമായിട്ടുമുണ്ട്. എങ്കിലും ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടാകുന്നത് ഇപ്പോഴാണ്. വിശ്വാസികൾ ആഭരണം ധരിക്കാൻ പാടില്ല എന്ന നിലപാടാണ് ഐ.പി.സി ആദ്യകാലം മുതൽ സ്വീകരിച്ചു പോരുന്നത്. എന്നാൽ കാലം മാറിയതോടെ പല വിഷയങ്ങളിലും ഐ.പി.സി അയഞ്ഞ നിലപാടുകൾ സ്വീകരിക്കാൻ തുടങ്ങി. ആഭരണപ്രശ്നത്തിലും ഈ അയവുണ്ടായി. ഒടുവിൽ, ആഭരണധാരികൾക്ക് തിരുവത്താഴം കൊടുക്കുന്ന സ്ഥിതിവരെയുണ്ടായി. ഇനി ഈ പ്രശ്നത്തിൽ നിലപാടു വ്യക്തമാക്കാതെ പറ്റില്ല എന്ന സ്ഥിതിവന്നതുകൊണ്ടാണ് ഇപ്പോൾ തീരുമാനം എടുത്തിരിക്കുന്നത്. ആഭരണധാരികൾക്ക് തിരുവത്താഴം കൊടുക്കുന്നത് വിലക്കിക്കൊണ്ട് കേരളത്തിലെ എല്ലാ ഐ.പി.സി സഭകൾക്കും ഉടൻ കത്തയക്കാനാണ് തീരുമാനം.

## കെ. സി. ജോൺ എന്തുപറയുന്നു

ആഭരണ വിഷയത്തിൽ ഐ.പി.സി കേരള സ്റ്റേറ്റ് പ്രസ്ബിറ്ററി നിലപാട് വ്യക്തമാക്കിയിരിക്കുന്നു. ഇപ്പോൾ പന്ത് കെ.സി.ജോണിന്റെ കോർട്ടിലാണ്. ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ് എന്ന നിലയിൽ കെ.സി.ജോൺ നിലപാട് വ്യക്തമാക്കണം:

1. ആഭരണ പ്രശ്നത്തിൽ കേരള സ്റ്റേറ്റ് പ്രസ്ബിറ്ററി സ്വീകരിച്ച നിലപാട് വചനാനുസൃതമാണോ? ആണെങ്കിൽ ഐ.പി.സിയുടെ എല്ലാ സഭകൾക്കും ഈ നിയമം ബാധകമാക്കാത്തതെന്ത്? ഈ നിലപാട് വചനവിരുദ്ധമാണെങ്കിൽ ജനറൽ കൗൺസിൽ ഇത് റദ്ദാക്കുമോ?
2. ആഭരണം ധരിക്കുന്നത് തിരുവത്താഴം വിലക്കാൻ തക്ക ഗൗരവമുള്ള കുറ്റമാണെങ്കിൽ കെ.സി.ജോണിന്റെ ചാനലിൽ ആഭരണധാരികൾക്ക് ഇനിയെങ്കിലും വിലക്ക് ഏർപ്പെടുത്തുമോ? (കെ.സി.ജോൺ മറുപടി പറയുമെന്നു കരുതിയല്ല ഈ ചോദ്യം ചോദിക്കുന്നത്. കാരണം, ശവം പ്രതികരിക്കില്ല. കെ.സി.ജോൺ ആത്മീയ ശവമാണ്).

# ബാർബർഷോപ്പിൽ കേസ്സ് കൊടുക്കൂ

മോനായിക്ക് ഒരു മോഹം, ശരിക്കു പറഞ്ഞാൽ ഒരു അതിമോഹം: ബാലനെ എന്തെങ്കിലുമൊന്നു ചെയ്യണം. പക്ഷേ എന്തുചെയ്യും? എന്തു ചെയ്താലും വേണ്ടില്ല, ബാലനെ ഒതുക്കണം. മോനായിയുടെ ഭാര്യ കെ.സി.ജോണിനോടൊപ്പം വ്യഭിചരിച്ച സംഭവം റ്റി.എസ്.ബാലൻ പുറത്താക്കിയതാണ് വിരോധത്തിന്റെ കാരണം. മോനായി ഓടിനടന്നു കേസ്സുകൊടുക്കുകയാണ്. പക്ഷേ ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. ബാലൻ ഒതുങ്ങുന്നുമില്ല. അതുകൊണ്ട് പറയട്ടെ: ബാലനെ എന്തെങ്കിലും ചെയ്തേ മതിയാകൂ എന്ന് നിർബ്ബന്ധമാണെങ്കിൽ മോനായി ഏതെങ്കിലും ബാർബർ ഷോപ്പിൽ കേസ്സ് കൊടുക്കൂ. ബാലനെ ക്ഷൗരം ചെയ്യാനെങ്കിലും ബാർബർക്ക് കഴിയും.

# അവറാച്ചന്റെ സ്റ്റോക്ക് തീർന്നു



അവറാച്ചന്റെ കയ്യിൽ ഇനി പ്രസംഗം സ്റ്റോക്കില്ല. അതുകൊണ്ട് ചവറിൽ ഇപ്പോൾ പഴയ പ്രസംഗം പുനഃസംപ്രേഷണം ചെയ്യുകയാണ്.

തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകിട്ട് ആറുമണിക്കും ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ ഉച്ചക്ക് രണ്ടു മണിക്കും ആയിരുന്നു അവറാന്റെ കലാപരിപാടി. പക്ഷേ ഇപ്പോൾ വെള്ളി, ശനി ദിവസങ്ങളിൽ പരിപാടിയില്ല. മാത്രമല്ല, തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ പഴയ പരിപാടികൾ മാത്രമാണ് കാണിക്കുന്നത്. മാർച്ച് 3, 4 തീയതികളിൽ സംപ്രേഷണം ചെയ്ത പ്രോഗ്രാം ഡിസംബർ മൂന്നാം ആഴ്ചയിൽ സംപ്രേഷണം ചെയ്തതാണ്. വരാൻ പോകുന്ന ക്രിസ്തുമസ്സിനേക്കുറിച്ചാണ് അതിൽ പറയുന്നത്.

പ്രസംഗക്കൊതിയനായ ഒരാളെക്കുറിച്ച് കേട്ടിട്ടുണ്ട്. പ്രസംഗിക്കാൻ കിട്ടുന്ന ഒരവസരവും അയാൾ വെറുതെ കളയുകയില്ല. പക്ഷേ ഒരു പ്രശ്നമുണ്ട്. പ്രസംഗവിഷയം എന്തുതന്നെ ആയാലും ''പാശ്ചാത്യരാജ്യങ്ങളിൽ'' എന്നു പറയാതെ അയാൾക്കു പ്രസംഗിക്കാനാവില്ല. അതുപോലെയാണ് അവറാന് ''ഇന്ത്യാമഹാരാജ്യം.'' ഒരുവട്ടമെങ്കിലും ഇന്ത്യാമഹാരാജ്യമെന്നു പറയാതെ അവറാനു പ്രസംഗിക്കാൻ പറ്റില്ല.

ഈയിടെ അവറാൻ ഒരു കണ്ടുപിടുത്തം നടത്തി. റ്റി.എസ്. ബാലൻ എന്തുകൊണ്ടാണ് അവറാനെ ഇങ്ങനെ എതിർക്കുന്നത്? സംഗതി രഹസ്യമാണ്: ബാലൻ ആർ.എസ്സ്.എസ്സുകാരനാണ്.

# ജയ്മോഹനന് പത്രമിറക്കാൻ മോഹം

കാർട്ടൂണിസ്റ്റ് ജയ്മോഹനന് പത്രമിറക്കാൻ മോഹം. വെറും പത്രമല്ല, അവിശ്വാസികളെ സുവിശേഷം അറിയിക്കാൻ സഹായകമാകുന്ന പത്രമിറക്കാനാണ് പദ്ധതി. ഏതായാലും അതൊരു അതിമോഹമാണെന്നു പറയാൻ വയ്യ. കാരണം, അത്തരത്തിലുള്ള ഒരു പത്രം ഈ ഭൂമിമലയാളത്തിലില്ല. ഗുഡ്ന്യൂസ്, ഹാലേലൂയ്യാ, മരുപ്പച്ച തുടങ്ങിയ പത്രങ്ങളിൽ അവിശ്വാസികൾക്കുവേണ്ട വിഭവങ്ങളില്ല. ഡിഫെൻഡർ വീട്ടിൽ കയറ്റാനും കൊള്ളില്ല. അതുകൊണ്ട് പുതിയൊരു പത്രമിറക്കാതെ നിവൃത്തിയില്ല. ഈ സംരംഭവുമായി സഹകരിക്കാൻ താല്പര്യമുള്ളവർ ദയവായി 9495185659 എന്ന നമ്പറിൽ വിളിക്കുക.




# മരിച്ചവർ എവിടെ?

## ഏതാനും കോപ്പികൾ സ്റ്റോക്കുണ്ട്

മരിച്ചവർ എവിടെ എന്ന പുസ്തകം പുനഃപ്രകാശനം ചെയ്യാൻ ഉദ്ദേശിക്കുന്ന വിവരമറിഞ്ഞ നിരവധി ആളുകൾ ഈ പുസ്തകത്തിന്റെ കോപ്പികൾ ഇപ്പോൾ ലഭ്യമാണോ എന്ന് അന്വേഷിക്കയുണ്ടായി. പുസ്തകത്തിന്റെ പ്രസാധകരുമായി ബന്ധപ്പെട്ടപ്പോൾ ഏതാനും കോപ്പികൾ സ്റ്റോക്കുണ്ടെന്ന് അറിയാൻ കഴിഞ്ഞു. അതുകൊണ്ട് ഈ പുസ്തകം ഉടൻ ലഭിക്കാൻ ആഗ്രഹമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക:

റീഡേഴ്സ് പബ്ലിക്കേഷൻസ്,
ബോക്സ് നമ്പർ - 75, എസ്.സി.എസ്. ജംഗ്ഷൻ,
തിരുവല്ല -1. ഫോൺ: 0469-2702844



# രാഷ്ട്രീയക്കളിയുടെ ഉള്ളുകള്ളികൾ



ചുമ്മാഡോ ബാബു ജോർജ്



കെ.സി.ജോൺ (മുളക്കുഴ)



പി.എസ്.ഫിലിപ്പ്

പെന്തക്കോസ്ത് നേതാക്കൻമാർ സജീവ രാഷ്ട്രീയത്തിലേക്കിറങ്ങുന്നു എന്ന വാർത്ത സുബോധമുള്ളവരെയെല്ലാം ഞെട്ടിച്ചു എന്നു പറയാതെവയ്യ. ഈ നേതാക്കൻമാർക്ക് എന്തുപറ്റി എന്നാണ് സാധാരണക്കാരായ വിശ്വാസികൾ ചോദിക്കുന്നത്. ''ലക്ഷ്യം തെറ്റി'' എന്ന മറുപടി മാത്രമേ ഇതിനു പറയാനുള്ളൂ.

കപ്പയും മീനും തിന്നു നടന്ന പെന്തക്കോസ്തുകാരല്ല ഇന്നുള്ളത്. മാമ്മോന്റെ അനുഗ്രഹം വേണ്ടതിലധികം കിട്ടിയതോടെ പെന്തക്കോസ്ത് നേതാക്കൻമാർക്ക് ഈ ലോകം നൽകുന്ന മറ്റു സുഖസൗകര്യങ്ങളും മാന്യതയും കൂടി വേണമെന്നു തോന്നുന്നു. രാഷ്ട്രീയത്തിലേക്കിറങ്ങിയാൽ വേണ്ടതെല്ലാം ലഭിക്കുമെന്ന് ഇവർ തിരിച്ചറിയുന്നു.

ഡിസംബർ 22ന് പത്തുലക്ഷം പേരെ പങ്കെടുപ്പിച്ച് റാലി നടത്തുമത്രേ. കൂലിക്ക് ആളെ ഇറക്കാതെ പത്തുലക്ഷം ആളെ റാലിയിൽ പങ്കെടുപ്പിക്കാനാവില്ല എന്നതാണ് വസ്തുത. കേരളത്തിലെ സകല പെന്തക്കോസ്തുകാരനും കുടുംബ സമേതം പങ്കെടുത്താലും മൂന്നു ലക്ഷത്തിൽ അധികം വരില്ല. ബാക്കി ഏഴുലക്ഷത്തെ കൂലി കൊടുത്തു കൊണ്ടുവരണം. പക്ഷേ വസ്തുതകൾ അംഗീകരിക്കാൻ പെന്തക്കോസ്ത് നേതാക്കൻമാർക്ക് മനസ്സുണ്ടാകില്ല. എങ്കിലും അല്പം കണക്കു പറയാം.

കേരളത്തിൽ എത്ര മനുഷ്യരുണ്ട്? മൂന്നുകോടിയിലധികം. കണക്കു കൂട്ടാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ മൂന്നുകോടി എന്ന് ഇരിക്കട്ടെ. എല്ലാവിധ ക്രിസ്ത്യാനികളും ചേർന്നാൽ എത്രയുണ്ടാകും? ഏകദേശം അറുപതുലക്ഷം. അതിൽ പട്ടത്വ സഭക്കാർ എത്രവരും? 55 ലക്ഷത്തിൽ കുറയുകയില്ല. ബാക്കിയുള്ള അഞ്ചു ലക്ഷത്തിൽ പെന്തക്കോസ്തും ശാബതും യഹോവാസാക്ഷിയും ബാപ്റ്റിസ്റ്റും ബ്രദറും എല്ലാം ഉൾപ്പെടും. ചുരുക്കി പറഞ്ഞാൽ കേരളത്തിലെ പെന്തക്കോസ്തുകാരുടെ സംഖ്യ പരമാവധി മൂന്നുലക്ഷം മാത്രം. പക്ഷേ ഒരു പെന്തക്കോസ്തുനേതാവും ഇത് അംഗീകരിക്കയില്ല. അവരുടെ കണക്കനുസരിച്ച് പത്തുലക്ഷത്തിലധികം പെന്തക്കോസ്തുകാർ കേരളത്തിലുണ്ട്. ഇതു ശുദ്ധ ഭോഷ്ക്കാണ്.

മറ്റൊരു കണക്കു നോക്കൂ. ഐ.പി.സിക്ക് കേരളത്തിൽ എത്ര സഭകളുണ്ട്? ഏകദേശം 2000 എന്നിരിക്കട്ടെ. മറ്റു പെന്തക്കോസ്ത് സഭകൾക്കെല്ലാം കൂടി 3000 സഭകളുണ്ടെന്നും പറയാം. ആകെ 5000 ലോക്കൽ സഭകൾ. (ഇതല്പം കൂടിയ കണക്കാണ്). പത്തോ പതിനഞ്ചോ അംഗങ്ങൾ മാത്രമുള്ള സഭകൾ ഏറെയുണ്ട്. നൂറിൽ അധികം അംഗങ്ങളുള്ള സഭകൾ വളരെ കുറവ്. ഏങ്കിലും ഒരു സഭയിൽ ശരാശരി 50 അംഗങ്ങളുണ്ടെന്നു കരുതാം. അങ്ങനെയെങ്കിൽ രണ്ടരലക്ഷം പെന്തക്കോസ്തുകാർ മാത്രമേ കേരളത്തിലുള്ളൂ എന്ന് സമ്മതിക്കേണ്ടതായി വരും. എങ്കിലും കള്ളം പറയാൻ തീരുമാനിച്ചു കഴിഞ്ഞാൽ പത്തുലക്ഷമെന്നോ ഇരുപതുലക്ഷമെന്നോ പറയാം.

പെന്തക്കോസ്തുകാരുടെ തലയെണ്ണി രാഷ്ട്രീയക്കാരുമായി വിലപേശാൻ തയ്യാറെടുക്കുന്ന പാസ്റ്റർമാർ ആരൊക്കെ? വ്യഭിചാരത്തിന്റെ ആൾരൂപമായ കെ.സി.ജോൺ (ഐ.പി.സി) ആണ് നേതാവ്. ഐ.പി.സിയിൽ നിന്ന് രാജു പൂവക്കാലയും യോഗത്തിൽ പങ്കെടുത്തു. (മുടന്തൊഴികെ എല്ലാ രോഗങ്ങളും പ്രാർത്ഥിച്ചു സൗഖ്യമാക്കുന്ന വീരനാണ് പൂവക്കാല). കെ.സി.തോമസ് ഈ പരിപാടിക്ക് അനുകൂലമാണെന്നു കേട്ടു. പക്ഷേ കെ.എം. ജോസഫ് ഈ രാഷ്ട്രീയക്കളിക്കെതിരെ പ്രസ്ബിറ്ററിയിൽ പ്രതികരിച്ചു. ടി.എസ്.ഏബ്രഹാം ഉൾപ്പെടെയുള്ള മറ്റ് നേതാക്കൻമാരും എതിർക്കുന്നു.

ശാരോൻ പ്രസിഡന്റായ ടി.ജി.കോശിയെ വൈസ് പ്രസിഡന്റാക്കിയത് ടി.ജി.കോശിയുടെ അറിവോടും സമ്മതത്തോടും കൂടി ആണോ എന്നറിഞ്ഞുകൂടാ. സമ്മേളനം നടന്നത് ശാരോൻ ഓഡിറ്റോറിയത്തിലാണെങ്കിലും ശാരോൻ നേതാക്കൻമാർ പങ്കെടുത്തുമില്ല.

ചർച്ച് ഓഫ് ഗോഡിലെ കെ.സി.ജോൺ പങ്കെടുത്തു. താനാണ് ഇപ്പോഴും ഓവർസിയർ എന്ന് ഏവരേയും ബോദ്ധ്യപ്പെടുത്താനാണ് കെ.സി.ജോൺ പങ്കെടുത്തത്. പക്ഷേ റാലി നടക്കുന്ന സമയത്ത് എം.കുഞ്ഞപ്പി ആയിരിക്കും ഓവർസിയർ. (കുഞ്ഞപ്പിയുടെ നിലപാട് വ്യക്തമായിട്ടില്ല).

കള്ളപ്രവാചകനായ ടി.ജെ.ശാമുവലാണ് ഈ കുണ്ടാമണ്ടിയുടെ സെക്രട്ടറി. 2020 ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമായിരിക്കുമെന്നും ഇന്ത്യ ഭരിക്കുന്നത് ക്രിസ്ത്യാനികളായിരിക്കുമെന്നും ഈ കള്ളൻ പ്രസംഗിക്കാൻ തുടങ്ങിയിട്ട് എട്ടു വർഷമായി. പക്ഷേ ക്രിസ്ത്യാനികളുടെ എണ്ണത്തിൽ അര ശതമാനത്തിന്റെ വർദ്ധനവു പോലും ഈ എട്ടു വർഷംകൊണ്ട് ഉണ്ടായിട്ടുമില്ല. ഇനി ബാക്കിയുള്ള 12 വർഷംകൊണ്ട് അൻപതുകോടിയിലധികം ജനങ്ങൾ ക്രിസ്ത്യാനികളാകുമെന്നു പറയാൻ ഊളമ്പാറയിലുള്ളവർക്കുപോലും തോന്നുകയില്ല. എങ്കിലും ടി.ജെ.ശാമുവൽ എന്ന വിവരദോഷി ഇപ്പോഴും ഇങ്ങനെ പ്രസംഗിക്കുന്നു. തന്റെ പ്രസംഗം ശരിയാണെന്നു കാണിക്കാൻ എന്താണു വഴി? കേരളത്തിൽ ഒരു പെന്തക്കോസ്തുകാരനെങ്കിലും എം.എൽ.എ ആയാൽ അതു ചൂണ്ടിക്കാട്ടി ഞെളിയാം. അതിനുള്ള ശ്രമമാണ് ഇയാൾ നടത്തുന്നത്.

പി.എസ്.ഫിലിപ്പ് വെറും പിമ്പാണെന്ന് പണ്ടുതന്നെ ഡിഫെൻഡർ പറഞ്ഞതാണ്. അതു തികച്ചും ശരിയാണെന്നു തെളിയിക്കുന്ന സംഭവങ്ങളാണ് ഇപ്പോൾ നടക്കുന്നത്. പത്താംക്ലാസ് തോറ്റ ഡാക്കിട്ടർ ബാബു ജോർജിന്റെ കാര്യം പറയേണ്ടതുമില്ല. തട്ടിപ്പും വെട്ടിപ്പും നടത്തി കുറെ പണം ഉണ്ടാക്കിയിട്ടുണ്ട്. ഇനി മറ്റുള്ളവരുടെ മുൻപിൽ ഞെളിഞ്ഞു നിൽക്കാൻ ചില പദവികൾ വേണം. അതിനുവേണ്ടി എത്രത്തോളം തരംതാഴാനും ഈ ചങ്ങാതി തയ്യാറാണ്.

ന്യൂ ഇന്ത്യയിലെ സംബഡി നോബഡി ആയ തോമസ് ഫിലിപ്പിന്റെ കാര്യം കഷ്ടമാണ്. ''ഞാനും ഒരു പെന്തക്കോസ്ത് നേതാവാണേ'' എന്നു പറയാതെ പറയാൻ ഈ ചങ്ങാതി ഏതു സമ്മേളനത്തിലും തലകാണിക്കും. ഇവിടെയും അതുതന്നെയാണ് നടന്നത്. ഒ.എം.രാജുക്കുട്ടിയും ആളുകളിക്കാനുള്ള അവസരം പാഴാക്കാറില്ല. ചിങ്ങവനം തമ്പി എന്തുകൊണ്ടോ എത്തിയില്ല. അയാൾ ഇതൊന്നും വിട്ടുകളയുന്ന ആളല്ല. ഇങ്ങനെയുള്ള കുറെ പെന്തക്കോസ്ത് ശുംഭൻമാരാണ് രാഷ്ട്രീയം കളിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നത്.

എന്തിനാണ് ഈ കളി? പെന്തക്കോസ്തുകാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ. എത്ര നല്ല ഉദ്ദേശ്യം. പെന്തക്കോസ്തുകാരുടെ നൻമ മാത്രമാണ് ഈ നേതാക്കൻമാരുടെ ലക്ഷ്യം. കരുണാകരൻ എപ്പോഴും ''ജനഹിതം'' അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. നിമ്രോദ് ബാബേൽ കോട്ട പണിതത് പൊതുജനങ്ങൾക്ക് നൻമ ചെയ്യാനായിരുന്നല്ലോ. അതുപോലെയാണ് ഈ പരിപാടിയും. പക്ഷേ സത്യമെന്താണ്? തന്റെ പ്രവചനം ഇതാ ഫലിക്കുന്നൂ എന്നു തെളിയിക്കുകയാണ് ടി.ജെ.ശാമുവലിന്റെ ലക്ഷ്യം. അതിനായി ഒരു പെന്തക്കോസ്ത് എം.എൽ.എ എങ്കിലും ഉണ്ടാകണം. പക്ഷേ കെ.സി.ജോണിന്റെ ലക്ഷ്യം മറ്റൊന്നാണ്. ദേശീയ ന്യൂനപക്ഷ കമ്മീഷൻ പുനഃസംഘടിപ്പിക്കാനുള്ള കാലമായി. ഈ കമ്മീഷനിലെ ക്രിസ്ത്യൻ പ്രതിനിധിയായി കയറിപ്പറ്റാനാണ് കെ.സി.ജോണിന്റെ ശ്രമം. ജോൺ ജോസഫ് രണ്ടുവട്ടം ഇരുന്ന കസേരയാണിത്. അതിന് എത്രത്തോളം ഗമയുണ്ടെന്ന് കണ്ടറിഞ്ഞതുമാണ്. പെന്തക്കോസ്തുകാരുടെ കാണപ്പെട്ട നേതാവാണ് കെ.സി.ജോൺ എന്നു വരുത്തിതീർത്താൽ ന്യൂനപക്ഷ കമ്മീഷനിൽ അംഗമാകാൻ കഴിഞ്ഞേക്കാം. പെന്തക്കോസ്തുകാരുടെ അവകാശം സംരക്ഷിക്കാനെന്നും മറ്റും പറഞ്ഞ് കോലാഹലമുണ്ടാക്കുന്നത് അതിനാണ്.

അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ രണ്ടു സീറ്റ് ആവശ്യപ്പെടാനാണ് തീരുമാനം. പക്ഷേ ഏതു മുന്നണിയോടാണ് ആവശ്യം ഉന്നയിക്കുന്നതെന്നു വ്യക്തമല്ല. രണ്ടു മുന്നണിയോടും ചോദിച്ചാൽ നാലു സീറ്റ് ആകും. തിരുവനന്തപുരം ഭാഗത്തുള്ളവർക്ക് ഇടതുപക്ഷത്തോടാണ് മമത. മദ്ധ്യതിരുവിതാംകൂർ ലോബിക്ക് യു.ഡി.എഫിനോട് കലശലായ പ്രേമവുമുണ്ട്. മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്നു പറഞ്ഞതുപോലെ മുന്നണി ഏതായാലും സീറ്റു കിട്ടിയാൽ മതി എന്നതാണു നിലപാട്. സീറ്റ് കിട്ടിയില്ലെങ്കിലും തനിക്ക് ദേശീയ ന്യൂനപക്ഷ കമ്മീഷനിൽ അംഗമായാൽ മതി എന്ന നിലപാടിലാണ് കെ.സി.ജോൺ.

പെന്തക്കോസ്തുകാർക്ക് രാഷ്ട്രീയപ്രവർത്തനം നിഷിദ്ധമാണോ? രാഷ്ട്രീയപ്രവർത്തനം പാപമാണോ? അങ്ങനെയൊന്നും ഡിഫെൻഡർ പറയുന്നില്ല. രാഷ്ട്രീയപ്രവർത്തനം പാപമല്ല. പെന്തക്കോസ്തുകാരന് അതു നിഷിദ്ധവുമല്ല. പക്ഷേ അതല്ല ഇവിടത്തെ പ്രശ്നം. പെന്തക്കോസ്തുകാരനായ ഒരു സാധാരണക്കാരൻ രാഷ്ട്രീയപ്രവർത്തനം നടത്തുന്നെങ്കിൽ അത് തികച്ചും വ്യക്തിപരമായ കാര്യമാണ്. അതിനെ എതിർക്കേണ്ടതില്ല. എന്നാൽ അതല്ല ഇവിടെ നടക്കുന്നത്. പെന്തക്കോസ്ത് സംഘടനകളുടെ നേതാക്കൻമാർ അവരുടെ അധികാരം ദുർവ്വിനിയോഗം ചെയ്ത് രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കയാണ്. കെ.സി.ജോണിനും ടി.ജെ.ശാമുവലിനും മറ്റും സ്ഥാനമാനങ്ങൾ നേടാൻ പെന്തക്കോസ്തുകാരെ കരുവാക്കുകയാണ്. ഇത് ഹീനമായ നടപടിയാണ്, എതിർക്കപ്പെടേണ്ടതാണ്.

ഏതായാലും ഈ വിഷയം വിവാദങ്ങൾക്കു വഴിവെയ്ക്കുമെന്ന് തീർച്ചയാണ്. അതുകൊണ്ട് പ്രാരംഭത്തിൽ തന്നെ ഡിഫെൻഡർ നിലപാട് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

1. രാഷ്ട്രീയപ്രവർത്തനം അതിൽത്തന്നെ ഒരു പാപമല്ല.
2. പെന്തക്കോസ്ത് വിശ്വാസികൾ രാഷ്ട്രീയപ്രവർത്തനം നടത്തുന്നത്. നിഷിദ്ധമല്ല, പാപവുമല്ല.
3. വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾക്ക് ഒരുവിധത്തിലും യോജിക്കാനാവാത്ത പ്രവൃത്തികളും നിലപാടുകളും രാഷ്ട്രീയപ്രവർത്തനത്തിനിടയിൽ അഭിമുഖീകരിക്കേണ്ടതായി വരും. അതുകൊണ്ട് ദൈവമക്കൾ കക്ഷിരാഷ്ട്രീയം ഒഴിവാക്കുന്നതാണു നല്ലത്.
4. മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴയ്ക്കരുത്. പെന്തക്കോസ്തുകാരെന്നല്ല ഒരു മതവിഭാഗവും കക്ഷിരാഷ്ട്രീയത്തിൽ ഇടപെടരുത്.
5. പൂർണ്ണസമയം സുവിശേഷവേല ചെയ്യാനായി വേർതിരിക്കപ്പെട്ടവരാണ് പാസ്റ്റർമാർ. അവർ കക്ഷിരാഷ്ട്രീയത്തിലെന്നല്ല സുവിശേഷവേലയുമായി ബന്ധമില്ലാത്ത ഒരു കാര്യത്തിലും ഇടപെടരുത്.
6. കഷ്ടത, പീഡ തുടങ്ങിയതൊക്കെ ദൈവമക്കളുടെ അവകാശമാണ്. കക്ഷിരാഷ്ട്രീയത്തിലൂടെ പീഡക്കു പരിഹാരം കണ്ടെത്താനുള്ള ശ്രമം വചനവിരുദ്ധമാണ്, സാത്താന്യമാണ്.
7. കെ.സി.ജോൺ, ടി.ജെ.ശാമുവൽ, ബാബു ജോർജ്, പി.എസ്. ഫിലിപ്പ് തുടങ്ങിയ പെന്തക്കോസ്ത് നേതാക്കൻമാർ സാത്താന്റെ ദാസൻമാരാണ്. ദൈവാത്മാവല്ല, ദുരാത്മാവാണ് ഇവരെ നയിക്കുന്നത്. ആകയാൽ ദൈവമക്കൾ ഇവരുമായി സഹകരിക്കരുത്.



RNI No. 68089 / 97
2008 March 16

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# ബഥേൽ: ദുർന്നടപ്പിന്റെ ആൾരൂപം

ബഥേൽ പി.ജേക്കബ് കള്ളനും വ്യഭിചാരിയും ആണെന്ന് വ്യക്തമായശേഷമാണ് ഡിഫെൻഡർ ഇയാളേക്കുറിച്ച് എഴുതാൻ തുടങ്ങിയത്. പക്ഷേ വിഷയം ഇത്രത്തോളം ഗൗരവമുള്ളതാണെന്ന് ഇപ്പോൾ മാത്രമാണറിയുന്നത്. പെന്തക്കോസ്തിലെ ഏറ്റവും വലിയ പത്തു ദുർന്നടപ്പുകാരുടെ പട്ടികയെടുത്താൽ ബഥേൽ അവരിലൊരാളായിരിക്കും.

ഇയാൾ കാട്ടിക്കൂട്ടിയിട്ടുള്ള വൃത്തികേടുകളേക്കുറിച്ച് ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ എഴുതിയിട്ടുണ്ടല്ലോ. ഈ ലക്കത്തിലും ചില കാര്യങ്ങൾ എഴുതുന്നു.

ആവശ്യത്തിലധികം പണം ബഥേലിന്റെ കൈവശമുണ്ട്. ഇത് ഉപയോഗിച്ചാണ് ഈ നീചൻ വ്യഭിചാരത്തിനുള്ള അവസരം ഒരുക്കുന്നത്. പെൺകുട്ടികൾക്കായി ബൈബിൾ കോളേജ് നടത്തുകയും ആ ബൈബിൾ കോളേജിൽ പഠിക്കാൻ എത്തിയ പെൺകുട്ടികളേക്കൊണ്ട് മസിൽ തിരുമ്മിക്കയും മറ്റും ചെയ്തത് പണത്തിന്റെ സ്വാധീനം ഉപയോഗിച്ചാണ്. കാലിലെ മസിൽ തിരുമ്മിച്ചുകൊണ്ട് ആരംഭിക്കുന്ന ഈ കലാപരിപാടി പിന്നീട് മറ്റു പലതിലേക്കും പുരോഗമിക്കയും വ്യഭിചാരത്തിൽ എത്തുകയുമായിരുന്നു പതിവ്. ഈ കിഴവന്റെ പേക്കൂത്തുകൾ കൊണ്ട് സഹികെട്ട ആ പെൺകുട്ടികൾ പഠിത്തം നിർത്തിപോയതോടെ ബൈബിൾ സ്ക്കൂൾ പൂട്ടിക്കെട്ടി.

ഇയാൾ ഇന്ത്യയിൽ വരുമ്പോൾ സെക്രട്ടറിയേപ്പോലെ കൊണ്ടുനടന്നിരുന്ന ഒരു പെണ്ണുണ്ട്. കുറച്ചധികം കാലം ഇയാൾ ഈ പെണ്ണുമായി ദുർന്നടപ്പാചരിച്ചു. അതു കഴിഞ്ഞ് ഒരു ശിങ്കിടിക്ക് വിവാഹം കഴിച്ചുകൊടുത്തു. പക്ഷേ തന്റെ ഭാര്യ ബഥേലിന്റെ വെപ്പാട്ടിയാണെന്നറിഞ്ഞപ്പോൾ അയാൾ പ്രതികരിച്ചു. എന്നാൽ പണം ഉപയോഗിച്ച് ബഥേൽ അയാളുടെ വായടച്ചു. ബഥേൽ ഇന്ത്യയിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ മാനേജരായി അയാളെ നിയമിക്ക മാത്രമല്ല, 35 ലക്ഷം രൂപ ചെലവു വരുന്ന ഒരു വീട് അയാൾക്കായി കേരളത്തിൽ നിർമ്മിച്ചു കൊടുക്കുകയും ചെയ്തു. കൂടാതെ, ഒരു ആഡംബര കാറും നൽകിയിട്ടുണ്ട്. പ്രത്യുപകാരമെന്ന നിലയിൽ തന്റെ ഭാര്യയോടൊപ്പം വ്യഭിചരിക്കാനുള്ള സ്വാതന്ത്ര്യം ഇയാൾ ബഥേലിന് നൽകിയിരിക്കയാണ്.

ബഥേൽ ഇന്ത്യയിലെത്തുമ്പോൾ വാഹനം ഓടിച്ചിരുന്ന ഒരു ഹിന്ദിക്കാരൻ ഭാര്യയെ ഉപേക്ഷിച്ച് സ്വന്തം മകളുടെ പ്രായം മാത്രമുള്ള ഒരു പെണ്ണിനോടൊപ്പമാണ് ഇപ്പോൾ കഴിയുന്നത്. ഭാര്യ കണ്ണുനീരുമായി കഴിയുന്നു.



മഹാവിശുദ്ധനായ ബഥേലിന്റെ കുത്തഴിഞ്ഞ ജീവിതം കണ്ട് വിശ്വാസം ത്യജിച്ചാണ് ഇയാൾ ദുർന്നടപ്പുകാരനായത്. ബഥേലിന് വ്യഭിചരിക്കാമെങ്കിൽ എന്തുകൊണ്ട് തനിക്ക് വ്യഭിചരിച്ചുകൂടാ എന്നാണ് അയാളുടെ ചോദ്യം.

ഇതിലെല്ലാം ഹീനമായ ചില നടപടികൾകൂടി ഇയാളുടെ കൈവശമുണ്ട്. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന പാസ്റ്റർമാർക്ക് ചില സാമ്പത്തിക സഹായങ്ങളൊക്കെ ഇയാൾ ചെയ്യും. അതോടെ ഈ പാസ്റ്റർമാർ ബഥേലിനെ ദൈവത്തേപ്പോലെ കാണാൻ തുടങ്ങും. ഏറെ താമസിയാതെ ഇയാൾ ഇവരുടെ വീട്ടിൽ സന്ദർശനത്തിനെത്തും. ഹോട്ടലിലും മറ്റും താമസിക്കാൻ കഴിയുമെങ്കിലും പാസ്റ്റർമാരുടെ വീട്ടിൽ കഴിയുന്നതാണ് തനിക്ക് ഇഷ്ടമെന്നും പ്രഖ്യാപിക്കും. ബഥേലിന്റെ എളിമയുടെ മകുടോദാഹരണമായി പാസ്റ്റർമാർ ഇത് തെറ്റിദ്ധരിക്കും. ഒരു മുറി ബഥേലിനായി അവർ ഒഴിഞ്ഞുകൊടുക്കും.

താൻ വലിയ പ്രാർത്ഥനക്കാരനാണെന്ന് ബഥേൽ ഭാവിക്കും. പ്രാർത്ഥിക്കാൻ ഏകാഗ്രത വേണമല്ലോ. അതുകൊണ്ട് ബഥേൽ തന്റെ മുറിയുടെ വാതിൽ എപ്പോഴും അടച്ചിട്ടും. അതുകൊണ്ട് അകത്തു നടക്കുന്നതെന്താണെന്ന് ആരും അറിയുകയില്ല. ഭക്ഷണ പാനീയങ്ങൾ നൽകാനായി പാസ്റ്ററുടെ ഭാര്യ മുറിക്കുള്ളിൽ എത്തുമ്പോഴാണ് വിശുദ്ധന്റെ തനിസ്വരൂപം വെളിപ്പെടുക. ആദ്യമൊക്കെ തികച്ചും നിഷ്ക്കളങ്കമെന്നു തോന്നുന്ന വിധത്തിൽ തട്ടുകയോ മുട്ടുകയോ ചെയ്യും. അത് ക്രമേണ മറ്റു പലതിലേക്കും കടക്കും. ഇതൊക്കെ ഇഷ്ടമുള്ളവർ ഉണ്ടല്ലോ. അവരുമായി ബഥേൽ അവിഹിതബന്ധം ആരംഭിക്കും. എന്തെങ്കിലും കാര്യങ്ങൾക്കായി ബഥേൽ പാസ്റ്ററെ പറഞ്ഞയയ്ക്കും. പിന്നീട് എന്തൊക്കെ നടക്കുമെന്ന് വിശേഷിച്ചു പറയേണ്ടതില്ല.

പക്ഷേ എല്ലാ സ്ത്രീകളും ഇങ്ങനെയല്ല. ബഥേലിന്റെ കലാപരിപാടി അതിരു കടക്കുമ്പോൾ അവർ പ്രതികരിക്കും. പക്ഷേ ബഥേൽ വിടില്ല. ആ സ്ത്രീ തന്നോടൊപ്പം വ്യഭിചരിച്ചതായി ഭർത്താവായ പാസ്റ്ററെ അറിയിക്കുമെന്നും അതോടെ അവരുടെ കുടുംബജീവിതം തകരുമെന്നും ഭീഷണിപ്പെടുത്തും. അതോടെ മിക്ക സ്ത്രീകളും ഭയന്നുപോകും. താൻ ദുർന്നടപ്പുകാരിയാണെന്ന് ഭർത്താവോ മറ്റുള്ളവരോ അറിഞ്ഞാലുള്ള ഫലം അവർക്ക് ഊഹിക്കാൻ കഴിയും. ബഥേലിന്റെ ദുഷ്ക്കാമത്തിന് വിധേയപ്പെടുകയാണ് നല്ലതെന്ന് അവർക്കു തോന്നും. അങ്ങനെ, അവർ ബഥേലിന്റെ വെപ്പാട്ടിയാകും. ഒരു വിധത്തിലും വഴങ്ങാത്ത സ്ത്രീകളും ഈ ലോകത്തുണ്ടല്ലോ. അത്തരക്കാർ ബഥേലിനോട് എതിർത്തുനിൽക്കും. എന്തു സംഭവിച്ചാലും ബഥേലിനു വഴങ്ങുകയില്ലെന്ന് ശഠിക്കും. അതോടെ ബഥേൽ പത്തിതാഴ്ത്തി സ്ഥലം വിടും. പാസ്റ്റർക്കുള്ള സാമ്പത്തിക സഹായം ഉടൻ നിർത്തുമെന്നു മാത്രമല്ല, ആ വഴിക്ക് പിന്നീടു പോകുകയുമില്ല.

ചില വർഷങ്ങളോളം ബഥേലിന്റെ വെപ്പാട്ടിയായി കഴിയേണ്ടിവന്ന ഒരു സ്ത്രീയേക്കുറിച്ച് അറിയാൻ ഇടയായി. സത്യം തുറന്നുപറഞ്ഞാൽ തന്റെ കുടംബജീവിതം തകരുമെന്ന ഭയം മൂലം ഈ സ്ത്രീ ബഥേലിന് വിധേയപ്പെട്ടിരുന്നു. പ്രതിഫലമെന്ന നിലക്ക് ബഥേൽ ഈ സ്ത്രീയുടെ ഭർത്താവിന് സാമ്പത്തിക സഹായവും ചെയ്തിരുന്നു. എന്നാൽ ഈ സ്ത്രീയെ തനിക്ക് സ്ഥിരം വെപ്പാട്ടിയായി കിട്ടാൻ ബഥേൽ ആഗ്രഹിച്ചു. ആഗ്രഹം ബഥേൽ സ്ത്രീയോടു തുറന്നു പറയുകയും ചെയ്തു. ആ സ്ത്രീക്ക് ബഥേൽ ഒരു ഫ്ളാറ്റ് വാങ്ങി കൊടുക്കും. ഭർത്താവിനെ ഉപേക്ഷിച്ച് അവർ ഫ്ളാറ്റിൽ താമസമാക്കണം. ബഥേൽ അവർക്ക് ചെലവിനു കൊടുക്കും. പദ്ധതി കേട്ട് അവർ നടുങ്ങിവിറച്ചു. സംഗതി നടക്കില്ല എന്നു തീർത്തുപറഞ്ഞു. അതോടെ ബഥേൽ അവരുമായുള്ള ബന്ധം വിട്ടു. സാമ്പത്തിക സഹായവും നിർത്തി. ഇപ്പോൾ അവരെ കള്ളക്കേസ്സിൽ കുടുക്കാനുള്ള ശ്രമത്തിലാണ്.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan